2026
AUGUST
20
THURSDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## ഭാരതീയ വ്യാപാർ മഹോത്സവിന് സമാപനം

# 5,000 കോടി രൂപയുടെ വ്യാപാര അവസരങ്ങൾ

**ന്യൂദൽഹി:** കോൺഫെഡറേഷൻ ഓഫ് ഓൾ ഇന്ത്യ ട്രേഡേഴ്സും, ഇന്ത്യാ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷനും സംയുക്തമായി ഭാരത് മണ്ഡപത്തിൽ സംഘടിപ്പിച്ച നാല് ദിവസത്തെ ഭാരതീയ വ്യാപാർ മഹോത്സവ് 2026 സമാപിച്ചു. 'വോക്കൽ ഫോർ ലോക്കൽ, ലോക്കൽ ടു ഗ്ലോബൽ' എന്ന കാഴ്ചപ്പാട് മുന്നോട്ട് കൊണ്ടുപോകുന്നതിനായി സമർപ്പിച്ചിരിക്കുന്ന ഇന്ത്യയിലെ ഏറ്റവും വലിയ വ്യാപാരബിസിനസ് സംഗമങ്ങളിൽ ഒന്നായി ഇത് മാറി എന്ന് കോൺഫഡറേഷൻ ഓഫ് ആൾ ഇന്ത്യാ ട്രേഡേഴ്സ് ദേശീയ പ്രസിഡൻറ് ബി.സി. ഭാർട്ടിയ, ദേശീയ സെക്രട്ടറി ജനറൽ പ്രവീൺ ഖണ്ഡേൽ വാൾ എംപി, ദേശീയ സെക്രട്ടറി എസ്. എസ്. മനോജ് എന്നിവർ പറഞ്ഞു.

വ്യാപാരികൾ, ഉത്പാദകർ, കയറ്റുമതിക്കാർ, സ്റ്റാർട്ടപ്പുകൾ, നിക്ഷേപകർ, നയരൂപകർത്താക്കൾ, ബിസിനസ് നേതാക്കൾ, ഉപഭോക്താക്കൾ, വിദേശ കച്ചവടക്കാർ എന്നിവരുൾപ്പെടെ 1.8 ലക്ഷത്തിലധികം പേർ പങ്കെടുത്തു. വിപുലമായ ബിസിനസ് ചർച്ചകൾ, ബയർസെല്ലർ മീറ്റുകൾ, സോഴ്സിംഗ്, പങ്കാളിത്ത ചർച്ചകൾ എന്നിവയിലൂടെ 5,000 കോടിയിലധികം രൂപയുടെ വ്യാപാര അവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു. ഇവയിൽ പലതും വരും മാസങ്ങളിൽ യഥാർത്ഥ ബിസിനസ് കരാറുകളായി മാറും.




ആഫ്രിക്ക, യൂറോപ്പ്, ഏഷ്യാപസഫിക്, മിഡിൽ ഈസ്റ്റ്, ലാറ്റിൻ അമേരിക്ക എന്നിവിടങ്ങളിൽ നിന്നുള്ള 23 രാജ്യങ്ങളിൽ നിന്നുള്ള 347 അന്താരാഷ്ട്ര പ്രതിനിധികൾ പങ്കെടുത്തു. ഇന്ത്യൻ സംരംഭങ്ങളുമായി സോഴ്സിംഗ് അവസരങ്ങൾ, തന്ത്രപരമായ പങ്കാളിത്തം, ജോയിൻറ് വെഞ്ചറുകൾ, സാങ്കേതിക സഹകരണം, കരാർ നിർമ്മാണം, ദീർഘകാല വ്യാപാര ക്രമീകരണങ്ങൾ എന്നിവ അവർ പരിശോധിച്ചു. ഇത് ഒരു മുൻഗണനാ നിർമ്മാണവിതരണ കേന്ദ്രമെന്ന നിലയിൽ ഇന്ത്യയിലുള്ള ആഗോള വിശ്വാസം വർദ്ധിക്കമെന്നും നേതാക്കൾ പറഞ്ഞു. 20ലധികം അന്താരാഷ്ട്ര പ്രമുഖ ബ്രാൻഡ് പ്രതിനിധികളും, ആഗോള ബയിംഗ് ഹൗസുകളും പരിപാടിയിൽ പങ്കെടുത്തു. വ്യാപാര സേവന രംഗത്തെ സമസ്ത മേഖലകൾക്കും കയറ്റുമതിക്കും ആഗോള വിപണി പ്രവേശനത്തിനും പുതിയ വഴികൾ തുറന്നതായി നേതാക്കൾ പറഞ്ഞു.

കൃഷി ആൻഡ് ഫുഡ് പ്രോസസിംഗ്, എഫ്എംസിജി, ഓർഗാനിക് ഉൽപന്നങ്ങൾ, ടെക്സ്റ്റൈൽ ആൻഡ് വസ്ത്രങ്ങൾ, കരകൗശല വസ്തുക്കൾ, ലെതർ ആൻഡ് ഫുട് വെയർ, ഹെൽത്ത് കെയർ ആൻഡ് ഫാർമസ്യൂട്ടിക്കൽസ്, എഞ്ചിനീയറിങ് സാധനങ്ങൾ, ഇലക്ട്രോണിക്സ്, പുനരുപയോഗ ഊർജ്ജം, നിർമ്മാണ സാമഗ്രികൾ, ഓട്ടോമോട്ടീവ് ഘടകങ്ങൾ, ലോജിസ്റ്റിക്സ്, ഡിജിറ്റൽ സൊല്യൂഷനുകൾ, റീട്ടെയിൽ, ഇകൊമേഴ്സ്, ടൂറിസം, ഹോസ്പിറ്റാലിറ്റി, എംഎസ്എംഇ നിർമ്മാണം, എന്നിവയുൾപ്പെടെ വിശാലമായ മേഖലകളിലെ ഇന്ത്യയുടെ കഴിവുകൾ ബിവിഎം പ്രദർശിപ്പിച്ചു.

# ടെലികോം നിരക്ക് വർധനയ്ക്കു സാധ്യത

**മുംബൈ:** ഇന്ത്യൻ ടെലികോം വിപണി വലിയ മാറ്റങ്ങൾക്ക് തയാറെടുക്കുകയാണ്. കൃത്യമായി പറഞ്ഞാൽ വലിയൊരു ഇടവേളയ്ക്കുശേഷം താരിഫ് വർധനയ്ക്ക് ഒരുങ്ങുകയാണ് കമ്പനികളെന്നാണ് വിപണിയിൽനിന്നുള്ള സൂചന.

മുൻനിര ടെലികോം കന്പനിയായ ഭാരതി എയർടെൽ 2860 വാലിഡിറ്റിയുള്ള തെരഞ്ഞെടുക്കപ്പെട്ട എൻട്രി ലെവൽ പ്രീപെയ്ഡ് ഡാറ്റാ പ്ലാനുകൾ പിൻവലിച്ചതിനു പിന്നാലെയാണ് താരിഫ് വർധനയ്ക്ക് സാധ്യതയുണ്ടെന്ന വിധത്തിൽ ചർച്ചകൾ ശക്തമായത്. തിങ്കളാഴ്ച റിലയൻസ് ജിയോ അവരുടെ ജിയോ പ്രൈം സബ്സ്ക്രിപ്ഷൻ പ്ലാൻ വീണ്ടും അവതരിപ്പിക്കുകയും ചെയ്തു.

300 രൂപ സബ്സ്ക്രിപ്ഷൻ പ്ലാനിൽ ഒറ്റത്തവണ ഫീസിൽ ലഭിക്കുന്ന ഈ മെംബർഷിപ്പ് മറ്റ് ആനുകൂല്യങ്ങൾക്കൊപ്പം, ഭാവിയിൽ നിരക്കു വർധനയുണ്ടായാലും നിലവിലുള്ള റീച്ചാർജ് പ്ലാനുകൾ ഒരു വർഷത്തേക്ക് തുടർന്നും അനുവദിക്കും. ഇങ്ങനെയൊരു പ്ലാൻ വീണ്ടും അവതരിപ്പിച്ചതുതന്നെ താരിഫ് വർധന വരാനിരിക്കുന്നതിന്റെ സൂചനയാണെന്ന് വിലയിരുത്തപ്പെടുന്നു. 2027 സെപ്റ്റംബർ വരെയാണ് ജിയോ പ്രൈം പ്ലാനിന്റെ വാലിഡിറ്റി. അതേസമയം, 299 രൂപയുടെ എൻട്രി ലെവൽ പ്രതിദിന അൺലിമിറ്റഡ് ഡാറ്റാ പ്ലാൻ ജിയോ മാറ്റമില്ലാതെ നിലനിർത്തിയിട്ടുണ്ട്.

# ഗൾഫ് രാജ്യങ്ങളിലെ വനിതാ തൊഴിലാളികളുടെ സുരക്ഷയ്ക്ക് 'വൺസ്റ്റോപ്പ് സെന്ററുകൾ' സ്ഥാപിച്ചു വിദേശകാര്യ മന്ത്രാലയം

**കൊച്ചി:** ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്ന ഇന്ത്യൻ വനിതാ തൊഴിലാളികൾക്ക് സുരക്ഷിതവും ലളിതവുമായ തൊഴിൽ അന്തരീക്ഷം ഉറപ്പാക്കുന്നതിനായി ഇന്ത്യാ സർക്കാർ സുപ്രധാന നടപടികൾ സ്വീകരിച്ചു. പ്രതിസന്ധികൾ നേരിടുന്ന വനിതകൾക്ക് അടിയന്തര സഹായം ലഭ്യമാക്കുന്നതിനായി മനാമ, മസ്കറ്റ്, ദോഹ, റിയാദ്, ദുബായ്, ജിദ്ദ, കുവൈത്ത് എന്നീ പ്രധാന നഗരങ്ങളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഏഴ് 'വൺസ്റ്റോപ്പ് സെന്ററുകൾ' സ്ഥാപിച്ചതായി രാജ്യസഭയിൽ ഉന്നയിച്ച ചോദ്യത്തിന് മറുപടിയായി വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിംഗ് വ്യക്തമാക്കി. ഗൾഫ് രാജ്യങ്ങളിൽ ഏകദേശം ഒരു കോടി ഇന്ത്യൻ പൗരന്മാർ താമസിക്കുന്നുണ്ടെന്നും ഇതിൽ യു.എ.ഇ., സൗദി അറേബ്യ, കുവൈത്ത്, ഖത്തർ, ഒമാൻ, ബഹ്റൈൻ തുടങ്ങിയ രാജ്യങ്ങളിൽ ലക്ഷക്കണക്കിന് തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്നും മന്ത്രി അറിയിച്ചു.

വിദേശ തൊഴിലാളികളുടെ റിക്രൂട്ട്മെന്റ് കർശനമായ നിയമങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമെ നടത്താൻ പാടുള്ളൂവെന്നും മന്ത്രി വ്യക്തമാക്കി. വിദേശ തൊഴിലുടമ ഒരു വനിതാ തൊഴിലാളിയെ നിയമിക്കുമ്പോൾ ബന്ധപ്പെട്ട ഇന്ത്യൻ മിഷനിൽ രണ്ടായിരത്തി അഞ്ഞൂറ് യു.എസ്. ഡോളറിന്റെ സാമ്പത്തിക ഗ്യാരണ്ടി നിക്ഷേപിക്കേണ്ടതുണ്ട്. കൂടാതെ തൊഴിലാളിയും തൊഴിലുടമയും തമ്മിലുള്ള കരാർ ഇന്ത്യൻ മിഷൻ സാക്ഷ്യപ്പെടുത്തിയിരിക്കണം. ഈ വൺസ്റ്റോപ്പ് സെന്ററുകൾ വഴി പ്രത്യേക ഹെൽപ്ലൈൻ, മെഡിക്കൽ പോലീസ് സഹായം, നിയമസഹായം, കൗൺസിലിംഗ്, മാനസികസാമൂഹിക പിന്തുണ എന്നിവ ലഭ്യമാക്കുന്നുണ്ട്. ദുബായ്, ജിദ്ദ, റിയാദ് എന്നിവിടങ്ങളിൽ പ്രവാസി ഭാരതീയ സഹായതാ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. തൊഴിലാളികൾക്ക് ആവശ്യമായ സഹായം ലഭിക്കുന്നതിനായി വാക്ക്ഇൻ അപ്പോയിന്റ്മെന്റുകൾ, ഇമെയിൽ, വിവിധ ഭാഷകളിലുള്ള ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന എമർജൻസി നമ്പറുകൾ, വാട്ട്സ്ആപ്പ് നമ്പറുകൾ, മദാദ്, സി.പി.ജി.ആർ.എ.എം.എസ്, ഇമൈഗ്രേറ്റ് പോലുള്ള പരാതി പരിഹാര പോർട്ടലുകൾ, സോഷ്യൽ മീഡിയ ചാനലുകൾ എന്നിവയും ഒരുക്കിയിട്ടുണ്ട്. ലഭിച്ച പരാതികളിൽ ഭൂരിഭാഗവും തൽക്ഷണം പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും, വിദേശത്തേക്ക് പോകുന്ന തൊഴിലാളികൾക്ക് പ്രവാസി ഭാരതീയ ബീമാ യോജനയുടെ ആനുകൂല്യം ഗണ്യമായി ലഭിക്കുന്നുണ്ടെന്നും മന്ത്രാലയം അറിയിച്ചു.

*This is an advertisement for information purpose and is not a prospectus announcement.*

ICL FINCORP LIMITED
SECURED, REDEEMABLE NON-CONVERTIBLE DEBENTURES NCD
CREDIT RATING CRISIL BBB-/ STABLE
ICL Join ICL, Grow with us
ICL Fincorp
UP TO DOUBLE RETURNS IN 72 MONTHS*
*Based on an Effective yield of 12.25% On Cumulative Basis Under Option X, 72 Months, Tds As Applicable.
ISSUE OPENS ON: AUGUST 10, 2026 (MONDAY) ISSUE CLOSES ON: AUGUST 21, 2026 (FRIDAY)*

**The Issue shall remain open for subscription on Working Days from 10:00 a.m. to 5:00 p.m. (Indian Standard Time), during the period indicated above, except that the Issue may close on such earlier date or extended date as may be decided by the Board of directors or Finance and Management Committee of our Company, subject to relevant approvals (subject to a minimum period of two working days and a maximum period of 10 working days from the date of opening of this Issue). In the event of an early closure or extension of the Issue, our Company shall ensure that notice of such early closure or extension is given to the prospective investors through an advertisement in a national daily newspaper and a regional daily newspaper in Tamil Nadu where the registered office is located, with wide circulation on or before such earlier date or extended date of closure. Application Forms for the Issue will be accepted only from 10:00 a.m. to 5:00 p.m. (Indian Standard Time) or such extended time as may be permitted by the Stock Exchange, on Working Days during the Issue Period. On the Issue Closing Date, Application Forms will be accepted only between 10:00 a.m. to 3:00 p.m. and uploaded until 5:00 p.m. (Indian Standard Time) or such extended time as may be permitted by the Stock Exchange.*

Issue Structure: (For detailed Issue Structure refer Prospectus dated July 28, 2026)

| | |
|---|---|
| Face value : ₹ 1,000 each | Minimum application size : ₹ 10,000 (10 NCDs) & in multiples of 1 NCD thereafter |
| Tenure (months) : 13, 24, 36, 60 and 72 | |
| Schemes : 10 schemes with 10 ISINs | Payout options : Monthly, Annually & Cumulative |

*T&C Apply

THE ISSUE
PUBLIC ISSUE BY OUR COMPANY OF 10,00,000 SECURED, REDEEMABLE, NON-CONVERTIBLE DEBENTURES OF FACE VALUE OF ₹1,000 EACH, ("NCDS") AT PAR, FOR AN AMOUNT UP TO ₹5,00,000 THOUSAND ("BASE ISSUE SIZE") WITH AN OPTION TO RETAIN OVERSUBSCRIPTION OF UP TO ₹5,00,000 THOUSAND, AGGREGATING UP TO ₹10,00,000 THOUSAND, (HEREINAFTER REFERRED TO AS THE "ISSUE SIZE"). THE ISSUE IS BEING MADE PURSUANT TO THE PROVISIONS OF SECURITIES AND EXCHANGE BOARD OF INDIA (ISSUE AND LISTING OF NON-CONVERTIBLE SECURITIES) REGULATIONS, 2021, AS AMENDED, THE COMPANIES ACT, 2013 AND RULES MADE THEREUNDER TO THE EXTENT NOTIFIED AND THE SEBI MASTER CIRCULAR AS AMENDED FROM TIME TO TIME. THE ISSUE IS NOT PROPOSED TO BE UNDERWRITTEN.

| COUPON RATE: (MONTHLY OPTIONS) | OPTION IV | OPTION III | OPTION II | OPTION I |
|---|---|---|---|---|
| | 11.50%* PER ANNUM 60 MONTHS | 11.00%* PER ANNUM 36 MONTHS | 10.50%* PER ANNUM 24 MONTHS | 10.00%* PER ANNUM 13 MONTHS |

**Indicating coupon rates for monthly options only. Refer Prospectus dated July 28, 2026 to view effective yield for monthly, annually and cumulative options.*

To Know More: Visit Nearest ICL Fincorp Branch | To Download Application: Visit www.iclfincorp.com
For Enquiries: Call +91 85890 20137, +91 85890 20186

Capitalised terms not defined herein shall have the same meaning as assigned to such terms in the prospectus dated July 28, 2026 ("**Prospectus**").
**DISCLAIMER OF THE ISSUER:** ICL Fincorp Limited **("Company")**, subject to market conditions, and other considerations, is proposing a public issue of secured redeemable non-convertible debentures **("NCDs")** and has filed a prospectus dated July 28, 2026 **("Prospectus")** with the Registrar of Companies, Tamil Nadu at Chennai **("RoC")**, BSE Limited **("BSE")** and Securities and Exchange Board of India **("SEBI")**. The Prospectus is available on the website of the Company at www.iclfincorp.com, on the website of BSE at www.bseindia.com, on the website of the lead manager at www.vivro.net and on the website of SEBI at www.sebi.gov.in. Investors proposing to participate in the Issue should invest only on the basis of the information contained in the Prospectus. Investors should note that investment in the NCDs involves a high degree of risk and for details in relation to the same, refer to the Prospectus, including the section titled *"Risk Factors"* and *"Material Developments"* beginning on page 17 and 153 respectively of the Prospectus.
**LISTING:** The NCDs offered through the Prospectus are proposed to be listed on BSE Limited **("BSE" or the "Stock Exchange")** and BSE shall be the Designated Stock Exchange. Our Company has received an 'in-principle' approval from BSE vide their letter no. DCS/RM/PI-BOND/07/26-27 dated July 28, 2026
**GENERAL RISK:** Investment in non-convertible securities is risky, and investors should not invest any funds in such securities unless they can afford to take the risk attached to such investments. Investors are advised to take an informed decision and to read the risk factors carefully before investing in this offering. For taking an investment decision, the Investors must rely on their own examination of the Issuer and the Issue including the risks involved. Specific attention of the Investors is invited to the chapter titled "Risk Factors" on Page 17 of the Prospectus and "Material Developments" on page 153 of the Prospectus, before making an investment in this Issue. These risks are not, and are not intended to be, a complete list of all risks and considerations relevant to the non-convertible securities or investor's decision to purchase such securities. The Prospectus has not been and will not be approved by any regulatory authority in India, including the Securities and Exchange Board of India **("SEBI")**, the Reserve Bank of India **("RBI")**, any registrar of companies or any stock exchange in India nor do they guarantee the accuracy or adequacy of the Prospectus.
**DISCLAIMER CLAUSE OF BSE::**It is to be distinctly understood that the permission given by BSE Limited should not in any way be deemed or construed that the Offer Document has been cleared or approved by BSE Limited nor does it certify the correctness or completeness of any of the contents of the Prospectus. The investors are advised to refer to the Draft Offer Document/Offer Document for the full text of the Disclaimer clause of the BSE Limited.
**DISCLAIMER CLAUSE OF USE OF BSE ELECTRONIC PLATFORM**: It is to be distinctly understood that the permission given by the BSE to use their network and software of the Online system should not in any way be deemed or construed as compliance with various statutory requirements approved by the Exchange; not does it in any manner warrant, certify or endorse the correctness or completeness of any of the compliance with the statutory and other requirements; nor does it take any responsibility for the financial or other soundness of this Company, its promoters, its management or any scheme or project of this Company
**DISCLAIMER CLAUSE OF INDUSTRY PROVIDER:** Crisil intelligence, a division of Crisil Limited, provides independent research, consulting, risk solutions, and data & analytics to its clients. Crisil Intelligence operates independently of Crisil's other divisions and subsidiaries, including, Crisil Ratings Limited. Crisil Intelligence's informed insights and opinions on the economy, industry, capital markets and companies drive impactful decisions for clients across diverse sectors and geographies. Crisil Intelligence's strong benchmarking capabilities, granular grasp of sectors, proprietary analytical frameworks and risk management solutions backed by deep understanding of technology integration, makes it the partner of choice for public & private organisations, multi-lateral agencies, investors and governments for over three decades. For the preparation of the report, Crisil Intelligence has relied on third party data and information obtained from sources which in its opinion are considered reliable. Any forward-looking statements contained in the report are based on certain assumptions, which in its opinion are true as on the date of the report and could fluctuate due to changes in factors underlying such assumptions or events that cannot be reasonably foreseen. The report does not consist of any investment advice and nothing contained in the report should be construed as a recommendation to invest/disinvest in any entity. The Industry Report is intended for use only within India. Provided that, the company shall be responsible for ensuring compliances and consequences of non-compliance for use of the report, material & issue documents or any part thereof outside India in relation to the issue.
**NAMES OF THE SIGNATORIES AT THE TIME OF SIGNING OF THE MEMORANDUM OF ASSOCIATION COMPANY AND THE NUMBER OF SHARES SUBSCRIBED FOR BY THEM AT THE TIME OF SIGNING THE MEMORANDUM OF ASSOCIATION:** Given are the names of the signatories of the Memorandum of Association of the Company and the number of equity shares subscribed of face value of ₹10/- each by them at the time of signing of Memorandum of Association: J. Amarchand Kothari (10 equity shares allotted), A Badal Kanwar (10 equity shares allotted), K. Ashok Bohra (10 equity shares allotted), Subash Chand Jain (10 equity shares allotted), Mahaveer Chand Kothari (10 equity shares allotted), K. Ashok Kumar Jain (10 equity shares allotted) and Narendra Kumar Jain (10 equity shares allotted) at the time of incorporation of the Company aggregating to 70 Equity Shares of face value of ₹10/- each.
**DISCLAIMER CLAUSE OF CRISIL:** Crisil Ratings Limited (Crisil Ratings) has taken due care and caution in preparing the material based on the information provided by its client and / or obtained by Crisil Ratings from sources which it considers reliable (Information). A rating by Crisil Ratings reflects its current opinion on the likelihood of timely payment of the obligations under the rated instrument and does not constitute an audit of the rated entity by Crisil Ratings. Crisil Ratings does not guarantee the completeness or accuracy of the information on which the rating is based. A rating by Crisil Ratings is not a recommendation to buy, sell, or hold the rated instrument; it does not comment on the market price or suitability for a particular investor. The rating is not a recommendation to invest / disinvest in any entity covered in the material and no part of the material should be construed as an Expert advice or investment advice or any form of investment banking within the meaning of any law or regulation. Crisil Ratings especially states that it has no liability whatsoever to the subscribers / users / transmitters/ distributors of the material. Without limiting the generality of the foregoing, nothing in the material is to be construed as Crisil Ratings providing or intending to provide any services in jurisdictions where Crisil Ratings does not have the necessary permission and/or registration to carry out its business activities in this regard. ICL Fincorp limited will be responsible for ensuring compliances and consequences of non-compliances for use of the material or part there of outside India. Current rating status and Crisil Ratings' rating criteria are available without charge to the public on the website, www.crisilratings.com. For the latest rating information on any instrument of any company rated by Crisil Ratings, please contact customer service helpdesk at 1800-2673850.
**DISCLAIMER CLAUSE OF RBI:** The company is having a valid certificate of registration dated June 9, 2016 under section 45 IA of the Reserve Bank of India Act, 1934. A copy of the Prospectus has not been filed with or submitted to the Reserve Bank of India ("RBI"). It is distinctly understood that the Prospectus should not in anyway be deemed or construed to be approved or vetted by RBI. RBI does not accept any responsibility or guarantee about the present position as to the financial soundness of the issuer or for the correctness of any of the statements or representations made or opinions expressed by the issuer and for discharge of liability by the issuer. RBI neither accepts any responsibility nor guarantee for the payment of any amount due to any investor in respect of the proposed NCDs.

*(please scan this QR code to view the Prospectus)*

**Reg. Office:** Plot No. C308, Door No. 66/40, 4th Avenue, Ashok Nagar, Chennai– 600 083, Tamil Nadu, India.
**Corp. Office:** ICL Fincorp Limited, Main Road, Irinjalakuda, Thrissur–680121, Kerala, India.
Branches: Kerala | Tamil Nadu | Andhra Pradesh | Telangana | Karnataka | Maharashtra | Odisha | Gujarat | West Bengal | Goa | Delhi | Rajasthan | Bihar iclfincorp

സൊസൈറ്റി ടുഡേ
SOCIETY TODAY



ഡൽഹിയിലെ വിജ്ഞാൻ ഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി ശ്രീമതി ദ്രൗപദി മുർമു ശശിധരൻ നായർക്ക് സംഗീത നാടക അക്കാദമി പുരസ്കാരം സമ്മാനിക്കുന്നു.

# പ്രശസ്ത കൊറിയോഗ്രാഫർ ശശിധരൻ നായർക്ക് സംഗീത നാടക അക്കാദമി പുരസ്കാരം

**ന്യൂഡൽഹി:** പ്രശസ്ത നർത്തകനും കൊറിയോഗ്രാഫറുമായ ശശിധരൻ നായർക്ക് 2024ലെ ക്രിയേറ്റീവ് ആൻഡ് എക്സ്പെരിമെന്റൽ ഡാൻസ് വിഭാഗത്തിൽ സംഗീത നാടക അക്കാദമി പുരസ്കാരം ലഭിച്ചു. ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ നടന്ന പ്രത്യേക ചടങ്ങിൽ ഇന്ത്യൻ രാഷ്ട്രപതി ശ്രീമതി ദ്രൗപദി മുർമു അദ്ദേഹത്തിന് പുരസ്കാരം സമ്മാനിച്ചു. ഇന്ത്യൻ നൃത്തം, കൊറിയോഗ്രഫി, സാംസ്കാരിക ആവിഷ്കാരം എന്നീ മേഖലകളിൽ ആറ് പതിറ്റാണ്ടായി അദ്ദേഹം നൽകിയ സമഗ്ര സംഭാവനകൾക്കുള്ള അംഗീകാരമാണിത്.

കഥകളി, മയൂർഭഞ്ജ് ഛൗ, ഉദയശങ്കറിന്റെ ക്രിയേറ്റീവ് ഡാൻസ് പാരമ്പര്യം, കളരിപ്പയറ്റ് എന്നിവയിൽ വിപുലമായ പരിശീലനം നേടിയിട്ടുള്ള ശശിധരൻ നായർ, നാലു പതിറ്റാണ്ടിലേറെയായി ശ്രീറാം ഭാരതീയ കലാ കേന്ദ്രയുമായി ചേർന്ന് നിരവധി ശ്രദ്ധേയമായ കലാസൃഷ്ടികൾക്ക് രൂപം നൽകിയിട്ടുണ്ട്. ദസറ ആഘോഷങ്ങളുടെ ഭാഗമായി അവതരിപ്പിക്കുന്ന 'സമ്പൂർണ രാമായണം' ഉൾപ്പെടെയുള്ള മെഗാ പ്രൊഡക്ഷനുകളുടെ കൊറിയോഗ്രാഫിയും സംവിധാനവും നിർവഹിച്ചത് അദ്ദേഹമാണ്.

ആറ് പതിറ്റാണ്ടിലെ നൃത്തജീവിതം തന്റെ പഠനത്തിന്റെയും അന്വേഷണത്തിന്റെയും യാത്രയാണെന്ന് പുരസ്കാര സ്വീകരണ വേളയിൽ അദ്ദേഹം വ്യക്തമാക്കി. രാജ്യത്തെ പ്രമുഖ ഗുരുക്കന്മാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പഠിക്കാൻ കഴിഞ്ഞത് തന്റെ ഭാഗ്യമാണെന്നും, ഇന്ത്യൻ നൃത്തത്തിന് തുടർന്നും സംഭാവനകൾ നൽകാനും പുതിയ തലമുറയെ കലാരംഗത്തേക്ക് പ്രചോദിപ്പിക്കാനും താൻ ആഗ്രഹിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സാംസ്കാരിക മന്ത്രാലയത്തിന്റെയും യുവജനകാര്യകായിക മന്ത്രാലയത്തിന്റെയും വിദഗ്ധ സമിതികളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള ശശിധരൻ നായർ, തന്റെ കൊറിയോഗ്രാഫിയിലൂടെയും അധ്യാപനത്തിലൂടെയും ഇന്ത്യയുടെ വൈവിധ്യമാർന്ന നൃത്തരൂപങ്ങളുടെ സംരക്ഷണത്തിനും പരിണാമത്തിനും വിലപ്പെട്ട സംഭാവനകളാണ് നൽകിക്കൊണ്ടിരിക്കുന്നത്.

## തിരുവനന്തപുരം എറണാകുളം റൂട്ടിലും ലക്ഷ്വറി സർവീസുമായി കെഎസ്ആർടിസി

**തിരുവനന്തപുരം:** കെഎസ്ആർടിസിയുടെ എക്സിക്യൂട്ടീവ് എസി വോൾവോ ലക്ഷ്വറി ബസ് തിരുവനന്തപുരം എറണാകുളം റൂട്ടിൽ ഓഗസ്റ്റ് 20 മുതൽ സർവീസ് ആരംഭിക്കും. ഓൺലൈൻ ബുക്കിങ് ഇതിനോടകം ആരംഭിച്ചു കഴിഞ്ഞു. തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസങ്ങളിലാണ് എറണാകുളത്തേക്കും തിരിച്ചുമുള്ള സർവീസ്. തിരുവനന്തപുരത്തുനിന്ന് രാവിലെ അഞ്ചരയ്ക്ക് പുറപ്പെട്ട് കൊല്ലം അയത്തിൽ, ആലപ്പുഴ കൊമാടി, ഹൈക്കോടതി വഴി രാവിലെ 9.45ന് എറണാകുളത്ത് എത്തും. തിരികെ വൈകിട്ട് അഞ്ചരയ്ക്ക് എറണാകുളത്തുനിന്ന് പുറപ്പെട്ട് ഇതേ റൂട്ടിലൂടെ രാത്രി 9.45ന് ബസ് തിരുവനന്തപുരത്ത് എത്തും.





# വിഴിഞ്ഞം തുറമുഖത്ത് സമ്പൂർണ എക്സിം പ്രവർത്തനങ്ങൾക്ക് തുടക്കമായി

**തിരുവനന്തപുരം:** വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ലോകത്തിലേക്കുള്ള കേരളത്തിന്റെ വികസന കവാടമാണെന്നും കേരളത്തിന്റെ വികസന ചരിത്രത്തിലെ ഏറ്റവും സുപ്രധാനമായ നേട്ടമാണെന്നും മുഖ്യമന്ത്രി വി ഡി സതീശൻ പറഞ്ഞു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ സമ്പൂർണ കയറ്റുമതി ഇറക്കുമതി പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ആദ്യത്തെ രണ്ട് എക്സിം കണ്ടെയ്നറുകളും മുഖ്യമന്ത്രി ഫ്ലാഗ്ഓഫ് ചെയ്തു. കേരളത്തിന്റെ സമഗ്ര സമുദ്ര സാമ്പത്തിക വികസനം ലക്ഷ്യമിടുന്ന മിഷൻ സമുദ്ര പദ്ധതിയുടെ പ്രഖ്യാപനവും ലോഗോ പ്രകാശനവും മുഖ്യമന്ത്രി നിർവഹിച്ചു.

മറ്റൊരു തുറമുഖത്തെയും ആശ്രയിക്കാതെ, ട്രാൻസ്ഷിപ്പ്മെന്റ് ഇല്ലാതെ, ആറ് ഭൂഖണ്ഡങ്ങളിലെ നൂറുകണക്കിന് തുറമുഖങ്ങളിലേക്ക് നേരിട്ട് ചരക്കുനീക്കം നടത്താൻ ഇനി വിഴിഞ്ഞം വഴി സാധിക്കും. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ പൂർണമായും ഓട്ടോമേറ്റഡ് ആയി പ്രവർത്തിക്കുന്ന ഇന്ത്യയിലെ ആദ്യ തുറമുഖമാണ് വിഴിഞ്ഞമെന്നത് അഭിമാനകരമായ നേട്ടമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

കേരളത്തിലെ രണ്ട് അന്താരാഷ്ട്ര തുറമുഖങ്ങളും ഒരു കണ്ടെയ്നർ സ്റ്റേഷനും 18 മിനി തുറമുഖങ്ങളും സംയോജിപ്പിച്ച് സംസ്ഥാനത്തെ ഒരു തുറമുഖ നഗരമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയാണ് 'മിഷൻ സമുദ്ര'. സംസ്ഥാനത്തെ ചരക്കുനീക്കത്തിന്റെ 50 മുതൽ 60 ശതമാനം വരെ കടൽമാർഗമാക്കുകയാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശം. ഇതിലൂടെ റോഡുകളിലെ ഗതാഗത തിരക്ക് കുറയ്ക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു.

കൊച്ചിയിൽ ക്രൂയിസ് ടെർമിനൽ ആരംഭിക്കുമെന്നും കൊച്ചിയിൽ നിന്ന് ദുബായിലേക്കും ഗോവയിലേക്കും കാസർഗോഡ് നിന്ന് തിരുവനന്തപുരത്തേക്കും യാത്രാ കപ്പൽ സർവീസുകൾ ആരംഭിക്കാൻ പദ്ധതികൾ ആവിഷ്കരിക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചു. സംസ്ഥാനത്തെ 44 നദികളെയും കായലുകളെയും ബന്ധിപ്പിച്ച് വലിയ തോതിലുള്ള റിവർ ക്രൂയിസ് പദ്ധതികളും നടപ്പാക്കും.

തുറമുഖ വികസനവുമായി ബന്ധപ്പെട്ട റോഡ്, റെയിൽ കണക്റ്റിവിറ്റി വേഗത്തിലാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. തിരുവനന്തപുരം ഔട്ടർ റിങ് റോഡിനായുള്ള ഭൂമിയേറ്റെടുക്കലിന് 3200 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ ഏജൻസികളായ കിൻഫ്ര, ഇൻകെൽ, കെഎസ്ഐഡിസി എന്നിവ വഴി വേഗത്തിൽ ഭൂമിയേറ്റെടുത്ത് ലോജിസ്റ്റിക്സ് പാർക്കുകൾ, വെയർഹൗസിങ് സ്റ്റേഷനുകൾ, ഫ്രീ ഇൻഡസ്ട്രിയൽ സോണുകൾ എന്നിവ ആരംഭിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

കയർ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയ്ക്ക് പുറമെ കേരളത്തിന്റെ തനത് ഭക്ഷ്യോൽപ്പന്നങ്ങൾ വരെ വിഴിഞ്ഞം വഴി കയറ്റുമതി ചെയ്യും. 'കേരള ബ്രാൻഡ്' എന്ന പേരിൽ ഇത്തരം ഉൽപ്പന്നങ്ങൾ ലോകമെമ്പാടും എത്തിക്കാൻ വിഴിഞ്ഞം വലിയ അവസരമാണ് നൽകുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

കേരളത്തിന്റെ സമ്പന്നമായ നാവിക ചരിത്രം വിളിച്ചോതുന്ന അന്താരാഷ്ട്ര നിലവാരത്തിലുള്ള മാരിടൈം മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. തുറമുഖ വികസനത്തെ അക്കാദമിക മേഖലയുമായി ബന്ധിപ്പിക്കുന്നതിന്റെ ഭാഗമായി സർവകലാശാലകളിൽ മാരിടൈം ചരിത്രം, മാരിടൈം നിയമം, ലോജിസ്റ്റിക്സ് തുടങ്ങിയ കോഴ്സുകൾ ആരംഭിക്കും. ഈ കോഴ്സുകൾ പൂർത്തിയാക്കുന്ന വിദ്യാർഥികൾക്ക് കേരളത്തിലെ തുറമുഖങ്ങളിൽ തന്നെ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ലോകത്തെവിടെയും പുതിയ തുറമുഖങ്ങൾ ആരംഭിക്കുന്നതിന് മറ്റ് രാജ്യങ്ങളെ സഹായിക്കാൻ കഴിയുന്ന തരത്തിൽ വിഴിഞ്ഞം കേന്ദ്രീകരിച്ച് ഇന്റർനാഷണൽ കൺസൾട്ടൻസി സർവീസ് ആരംഭിക്കാനും സർക്കാർ ലക്ഷ്യമിടുന്നു. വിഴിഞ്ഞം തുറമുഖം ഒരുക്കുന്ന അനന്ത സാധ്യതകൾ സംസ്ഥാനത്തിനും രാജ്യത്തിനും പ്രയോജനപ്പെടുത്തുന്നതിനാണ് സർക്കാർ ശ്രമിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.വ്യവസായ വകുപ്പ് മന്ത്രി പി കെ കുഞ്ഞാലിക്കുട്ടി അധ്യക്ഷത വഹിച്ച ചടങ്ങിൽ സംസ്ഥാന തുറമുഖ വകുപ്പ് സെക്രട്ടറി ഡോ. രത്തൻ യു ഖേൽക്കർ സ്വാഗതം ആശംസിച്ചു. അദാനി പോർട്സ് സി ഇ ഒ അശ്വനി ഗുപ്ത 'വിഴിഞ്ഞം വിഷൻ' അവതരിപ്പിച്ചു. എംഎൽഎ എം വിൻസെന്റ് ആശംസ അറിയിച്ചു. ഡയറക്ടർ ജനറൽ ഓഫ് മാരിടൈം അഡ്മിനിസ്ട്രേഷൻ ശ്യാം ജഗന്നാഥൻ, കസ്റ്റംസ് പ്രിവന്റീവ് കമ്മീഷണർ (കൊച്ചി) ഡോ. ടിജു തോമസ്, ഫോറിനേഴ്സ് റീജിയണൽ രജിസ്ട്രേഷൻ ഓഫീസർ (തിരുവനന്തപുരം) അരവിന്ദ് മേനോൻ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ജെറോമിക് ജോർജ്, ജനപ്രതിനിധികൾ, സംസ്ഥാന സർക്കാരിലെ ഉന്നത ഉദ്യോഗസ്ഥർ, സാമൂഹ്യ സാംസ്കാരിക രംഗത്തെ പ്രമുഖർ തുടങ്ങിയവർ പങ്കെടുത്തു. അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് സി ഇ ഒ പ്രദീപ് ജയരാമൻ നന്ദി അറിയിച്ചു.

# വിഴിഞ്ഞം തുറമുഖം കേരളത്തിന്റെ വ്യവസായവ്യാപാര മേഖലകളിൽ മുന്നേറ്റം ഉറപ്പാക്കും

**തിരുവനന്തപുരം:** വിഴിഞ്ഞം തുറമുഖത്തെ സമ്പൂർണ എക്സിം പ്രവർത്തനങ്ങൾ കേരളത്തിന്റെ വ്യവസായവ്യാപാര മേഖലകളിൽ വലിയ കുതിച്ചുചാട്ടത്തിന് വഴിയൊരുക്കുമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി കെ കുഞ്ഞാലിക്കുട്ടി പറഞ്ഞു. വിഴിഞ്ഞം തുറമുഖത്തെ സമ്പൂർണ എക്സിം പ്രവർത്തനങ്ങളുടെ ഉദ്ഘാടന ചടങ്ങിൽ അധ്യക്ഷത വഹിക്കുകയായിരുന്നു കുഞ്ഞാലിക്കുട്ടി.കേരള ചരിത്രത്തിലെ തന്നെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന പ്രവർത്തനത്തിനാണ് ഇന്ന് മുഖ്യമന്ത്രി തുടക്കമിട്ടത്. വിഴിഞ്ഞം തുറമുഖത്തെ കയറ്റിറക്കുമതി പ്രവർത്തനങ്ങളുടെ ഭാഗമായിട്ടുള്ള പുതിയ വ്യാപാര സാധ്യതകൾ സാധാരണക്കാരുടെ ജീവിതത്തിൽ അനുകൂലമായ വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കുമെന്നും മന്ത്രി പറഞ്ഞു. വിഴിഞ്ഞം തുറമുഖത്തിലൂടെ കേരളത്തിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് നേരിട്ട് കയറ്റുമതി ചെയ്യാനാകും. ഇതുവരെ നേരിട്ട് എത്തിക്കാൻ കഴിയാതിരുന്ന വിപണികളിലേക്കും കേരളത്തിന്റെ കയർ, കറ്റാർവാഴ തുടങ്ങിയ ഉത്പ്പന്നങ്ങൾ എത്തിക്കാനാകും. സ്വപ്ന പദ്ധതിയായ മിഷൻ സമുദ്രയിലൂടെ സംസ്ഥാനത്തെ തുറമുഖ നഗരമാക്കി മാറ്റാൻ സർക്കാർ ലക്ഷ്യമിടുന്നുണ്ട്. ഇതിന്റെ ഭാഗമായി ലോജിസ്റ്റിക്സ് പാർക്കുകളും അനുബന്ധ സ്ഥാപനങ്ങളും ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു. ദുബായ് തുറമുഖം യുഎഇ യ്ക്ക് നൽകിയ വലിയ സംഭാവനകൾ പോലെ വിഴിഞ്ഞം തുറമുഖം കേരള വികസനത്തിന്റെ പ്രധാന കവാടമായി മാറുമെന്നും അതിലൂടെ ലോകവിപണിയിൽ കേരളത്തിന്റെ ഉത്പ്പന്നങ്ങൾക്ക് കൂടുതൽ അവസരം ലഭിക്കുമെന്നും മന്ത്രി പറഞ്ഞു.

# ഘോഷയാത്രയും ലൈവ് മ്യൂസിക്കും പ്രത്യേക ടിക്കറ്റ് ഓഫറും; വണ്ടർലാ കൊച്ചിയിൽ കിടിലൻ ഓണാഘോഷത്തിന് തുടക്കം

**കൊച്ചി:** കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകവും ആവേശകരമായ വിനോദപരിപാടികളും സമന്വയിപ്പിച്ച് വണ്ടർലാ കൊച്ചിയിൽ 2026ലെ ഓണാഘോഷങ്ങൾക്ക് തുടക്കമായി. ആഗസ്റ്റ് 30 വരെ നീളുന്ന ആഘോഷത്തിൽ സന്ദർശകർക്ക് കേരളീയ തനിമയാർന്ന കലാരൂപങ്ങൾ, ലൈവ് മ്യൂസിക്, സ്ട്രീറ്റ് മാജിക്, ഡിജെ സെഷനുകൾ, വണ്ടർലായുടെ ആവേശകരമായ റൈഡുകൾ എന്നിവ ആസ്വദിക്കാം.

ഓണാഘോഷത്തിന്റെ ഭാഗമായി ചിക്കുവും കുടുംബവും അവതരിപ്പിക്കുന്ന സ്ട്രീറ്റ് മാജിക്, വേവ്പൂൾ ഡിജെ സെഷനുകൾ, പരമ്പരാഗത ഓണച്ചമയങ്ങൾ എന്നിവയാണ് പ്രധാന ആകർഷണങ്ങൾ. ആഗസ്റ്റ് 26 മുതൽ ആഘോഷത്തിന്റെ അവസാന ദിവസം വരെ മഹാബലിയും വാമനനും അണിനിരക്കുന്ന പ്രത്യേക ഓണഘോഷയാത്രയും നടക്കും. മോഹിനിയാട്ടം, ഭരതനാട്യം, കളരിപ്പയറ്റ്, കഥകളി, ചെണ്ടമേളം, മുത്തുക്കുടകളുടെ അകമ്പടിയോടെയുള്ള പുലികളി തുടങ്ങിയ കേരളീയ കലാരൂപങ്ങളും ഘോഷയാത്രയ്ക്ക് മാറ്റുകൂട്ടും.

ഓണാഘോഷങ്ങളുടെ ഭാഗമായി




വണ്ടർലാ കൊച്ചി പ്രത്യേക ടിക്കറ്റ് ഓഫറും അവതരിപ്പിച്ചിട്ടുണ്ട്. ആഗസ്റ്റ് 5 മുതൽ 30 വരെ ലഭ്യമാകുന്ന ഓഫറിൽ 37 ശതമാനം വരെ ഇളവോടെ പ്രവേശന ടിക്കറ്റുകൾ 999 മുതൽ ലഭിക്കും. നികുതികൾ അധികമായിരിക്കും, ഓഫർ പരിമിതമായ ടിക്കറ്റുകൾക്ക് മാത്രമേ ബാധകമാകൂ.

'കേരളീയരുടെ ഏറ്റവും പ്രിയപ്പെട്ട ആഘോഷങ്ങളിലൊന്നാണ് ഓണം. പൂക്കളങ്ങളും സദ്യയും പാരമ്പര്യങ്ങളും ഒത്തുചേരുന്ന ഈ ഉത്സവത്തിന് നമ്മുടെ ഹൃദയങ്ങളിൽ എന്നും സവിശേഷ സ്ഥാനമുണ്ട്. കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തെ വണ്ടർലായുടെ ത്രില്ലും വിനോദവും ആവേശവും ചേർത്ത് അതിഥികൾക്ക് വ്യത്യസ്തമായ ഒരു ഓണക്കാല അനുഭവം സമ്മാനിക്കാനാണ് ഞങ്ങൾ ശ്രമിച്ചിരിക്കുന്നത്. ഒരുമയുടെയും സന്തോഷത്തിന്റെയും ആഘോഷമായ ഈ ഓണം ഞങ്ങളുടെ അതിഥികൾക്ക് മറക്കാനാവാത്ത ഓർമ്മകൾ സമ്മാനിക്കുമെന്ന് പ്രതീക്ഷിക്കുന്നു,' വണ്ടർലാ ഹോളിഡേയ്സ് ലിമിറ്റഡിന്റെ ചീഫ് ഓപ്പറേറ്റിങ് ഓഫീസർ ധീരൻ ചൗധരി പറഞ്ഞു.

ടിക്കറ്റുകൾ മുൻകൂട്ടി bookings.wonderla.com എന്ന വെബ്സൈറ്റിലൂടെ ബുക്ക് ചെയ്യാം. പാർക്കിലെ ടിക്കറ്റ് കൗണ്ടറുകളിലും ടിക്കറ്റുകൾ നേരിട്ട് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 04843514001, 75938 53107 എന്നീ നമ്പറുകളിൽ വണ്ടർലാ കൊച്ചിയുമായി ബന്ധപ്പെടാം.

ഈ ഓണത്തിന് കേരളീയ സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും ആഘോഷത്തിന്റെയും ആവേശം ഒരുമിച്ച് അനുഭവിക്കാം വണ്ടർലാ കൊച്ചിയിൽ – കാരണം വണ്ടർലായിൽ ഓരോ ആഘോഷവും ആനന്ദത്തിന്റെ ഉത്സവമാണ്.

# 20 ലക്ഷവുമായി ഷമീമുദീൻ പ്രൈം വോളിബോൾ ലീഗിലെ വിലയേറിയ താരം




**ഗോവ:** പ്രൈം വോളിബോൾ ലീഗിലെ അഞ്ചാം സീസൺ താരലേത്തിൽ വിലയേറിയ കളിക്കാരനായി ഷമീമുദീൻ. 20 ലക്ഷം രൂപയ്ക്ക് കൊച്ചി ബ്ലൂ സ്പൈക്കേഴ്സാണ് ബ്ലോക്കറെ സ്വന്തമാക്കിയത്. സി കെ മുഹമ്മദ് നിഹാലാണ് ലേലത്തിലെ വിലയേറിയ രണ്ടാമത്തെ താരം. 19 ലക്ഷം രൂപയ്ക്ക് അഹമ്മദാബാദ് ഡിഫൻഡേഴ്സിൽ ചേർന്നു. ഷോൺ ടി ജോൺ, ജസ്ജോദ് സിങ് എന്നിവർ 15.5 ലക്ഷം രൂപയ്ക്കും വിറ്റുപോയി. പത്ത് ഫ്രാഞ്ചൈസികളും അടുത്ത സീസണിലേക്കുള്ള തയ്യാറെടുപ്പ് ഗംഭീരമാക്കി.

യുവതാരങ്ങളുടെ കടന്നുവരവായിരുന്നു താരലേലത്തിന്റെ ഏറ്റവും ശ്രദ്ധേയമായ കാര്യം. ഈയിടെ സമാപിച്ച ഗാർഡിയൻസ് ട്രോഫിയിൽ മികച്ച പ്രകടനം പുറത്തെടുത്ത 11 കളിക്കാർക്ക് ഇടംപിടിക്കാനായി. ഇതിൽ 9.5 ലക്ഷം രൂപയ്ക്ക് കാലിക്കറ്റ് ഹീറോസിൽ എത്തിയ യുവ ബ്ലോക്കർ സൂരജ് ചൗധരിയാണ് നേട്ടമുണ്ടാക്കിയത്. കഴിഞ്ഞ നാല് വർഷമായി പിവിഎൽ നടത്തുന്ന ഗ്രാസ്റൂട്ട് വികസന പദ്ധതികളുടെ ആകെത്തുകയാണ് യുവകളിക്കാരുടെ പ്രകടനത്തിലും അതുവഴി ലേലത്തിലെ തെരഞ്ഞെടുപ്പിലും കണ്ടത്.

പുതിയ സീസണിൽ പത്ത് ടീമുകൾ രണ്ട് പൂളുകളായി വിഭജിക്കും. പൂൾ എയിൽ ബംഗളൂരു ടോർപിഡോസ്, കാലിക്കറ്റ് ഹീറോസ്, അഹമ്മദാബാദ് ഡിഫൻഡേഴ്സ്, ചെന്നൈ ബ്ലിറ്റ്സ്, മുംബൈ മിറ്റിയോഴ്സ് എന്നീ ടീമുകളാണ്. പൂൾ ബിയിൽ ഗോവ ഗാർഡിയൻസ്, തെലുഗു ബ്ലാക്ഹോക്സ്, ഡൽഹി തൂഫാൻസ്, കൊൽക്കത്ത തണ്ടർബോൾഡ്സ്, കൊച്ചി ബ്ലൂ സ്പൈക്കേഴ്സ് ടീമുകൾ.

അഹമ്മദാബാദ് ഡിഫൻഡേഴ്സ് അഞ്ച് താരങ്ങളെയാണ് ലേലത്തിൽ സ്വന്തമാക്കിയത്. സി കെ മുഹമ്മദ് നിഹാൽ (19 ലക്ഷം), മുഹമ്മദ് ഇക്ബാൽ (4), ശിവ ചൻഡേൽ, ധ്രുവ് ചൗധരി, ആയുഷ് ചൗധരി (3) എന്നിവരെയാണ് ടീമിലേക്ക് എടുത്തത്.

നിലവിലെ ജേതാക്കളായ ബംഗളൂരു ടോർപിഡോസ് ലേലത്തിൽനിന്ന് ആരെയും സ്വന്തമാക്കിയത്. കിരീടം നേടിയ ടീമിലെ നിലനിർത്തി.

കാലിക്കറ്റ് ഹീറോസ് എട്ട് കളിക്കാരെ കൂടാരത്തിലെത്തിച്ചു. സമീർ ചൗധരി (10 ലക്ഷം) ആണ് വിലയേറിയ രാരം. സൂരജ് ചൗധരി (9.5), ജസ്കരൺ സിങ് (9), സാർഥക് സിങ് ജാഡൻ (7.75), അനു ജെയിംസ് (5.5), മഹേന്ദ്ര ധ്രുവേ, സുജിത് (3 ലക്ഷം), റൈറ്റ് ടു മാച്ചിലൂടെ വി ശിവസേനനെയും (5.75) സ്വന്തമാക്കി.

ചെന്നൈ ബ്ലിറ്റ്സ് ഏഴ് കളിക്കാരെ സ്വന്തമാക്കി. ഷോൺ ടി ജോൺ (15.5 ലക്ഷം), കുനാൽ ദാസ് (6.25), മുഹമ്മദ് സമൃദ് (4), സോഹം മോറെ, എസ് ശ്രീനാഥ്, എസ് വിഘ്നേഷ്, എസ് സുരേന്ദ്രൻ (3 ലക്ഷം വീതം) എന്നിവരാണ് ചെന്നൈയിൽ.

ഡൽഹി തൂഫാൻസ് അമരീന്ദർപാൽ സിങ്ങിനെയും (10) വികാസ് മാനെയും (8) അശോക് വിക്കിയെയും എം വി ലാൽസുജനെയും (3) സ്വന്തമാക്കി.

ഗോവ ഗാർഡിയൻസ് രണ്ട് കളിക്കാരെ നേടി. അമൻ കുമാർ (5 ലക്ഷം), രജത് കുമാർ (3) എന്നിവരാണ്ടീമിൽ.

കൊച്ചി ബ്ലൂ സ്പൈക്കേഴ്സ് ഏറെ നേട്ടമുണ്ടാക്കി. ഷമീമുദീൻ (20 ലക്ഷം), മിന്നുംതാരം അംഗമുത്തു രാമസ്വാമി (9.5 ലക്ഷം), കെ വി ആദിത്, നവീദ് ഖാൻ, വിശേഷ്, അർഷക് സിനാൻ (3 ലക്ഷം വീതം) എന്നീ ആറ് താരങ്ങളാണ് ലേലത്തിൽ കൊച്ചിയിൽ എത്തിയത്. കൊൽക്കത്ത തണ്ടർബോൾഡ്സ് ആറ് കളിക്കാരെ സ്വന്തമാക്കി. ജസ്ജോദ് സിങ് (15.5 ലക്ഷം) ആണ് വിലയേറിയ താരം. അശോ് ബിഷ്ണോയ്, ആദിത്യ റാണ (5 ലക്ഷം വീതം), യു ജൻഷാദ്, സി വേണു (4 ലക്ഷം), പവൻ സിങ് (3 ലക്ഷം). മുംബൈ മിറ്റിയോഴ്സ് പ്രിൻസിനെയും (5.5), മൃദുൻജോയ് മഹന്തയെയും (5) ഒപ്പമെത്തിച്ചു.

തെലുഗു ബ്ലാക്ഹോക്സും സജീവമായി ലേലത്തിൽ പങ്കുകൊണ്ടു. താനിഷ് ചൗധരി (14 ലക്ഷം), വിനിത് കുമാർ (8), പി എ മുഹ്സിൻ (5 ലക്ഷം), ബിഎസ് ഹരി പ്രസാദ്,ദീപക് (3) എന്നിവരെത്തി. റൈറ്റ് ടു മാച്ചിലൂടെ നിയാസ് അബ്ദുൾ സലാമിനെ (4) നിലനിർത്തി.

# സൂപ്പർ ലീഗ് കേരള: എവർ ഡിമാൾഡെ കാലിക്കറ്റ് എഫ്.സി ഹെഡ് കോച്ചായി തുടരും

**കോഴിക്കോട്:** വരുന്ന സൂപ്പർ ലീഗ് കേരള സീസണിലും കാലിക്കറ്റ് ഫുട്ബോൾ ക്ലബ്ബിന്റെ ഹെഡ് കോച്ചായി അർജന്റീനിയൻ പരിശീലകൻ എവർ അഡ്രിയാനോ ഡിമാൾഡെ (39) തുടരും. കഴിഞ്ഞ സീസണിൽ ടീമിനെ നയിച്ച ഡിമാൾഡെയുടെ പരിശീലനത്തിന് കീഴിലാണ് പുതിയ പോരാട്ടങ്ങൾക്കായി ക്ലബ്ബ് തയ്യാറെടുക്കുന്നത്.

സൗദി അറേബ്യൻ ദേശീയ ടീമിന്റെയും പ്രമുഖ ഫ്രഞ്ച് ക്ലബ്ബായ മാഴ്സെയുടെയും അസിസ്റ്റന്റ് കോച്ചായി പ്രവർത്തിച്ച മികച്ച അന്താരാഷ്ട്ര പരിച സമ്പത്ത് ഡിമാൾഡെയ്ക്കുണ്ട്.

കൂടാതെ ഹെറേറ എഫ്.സി, എഫ്.സി ഡിലാ, ഇൻഡിപെൻഡിയെന്റ റിവാഡാവിയ, അൽ ഹിലാൽ യുണൈറ്റഡ് എന്നീ പ്രമുഖ ക്ലബ്ബുകളെ പരിശീലപ്പിച്ച അദ്ദേഹത്തിന്റെ തന്ത്രപരമായ മികവും ആധുനിക ഫുട്ബോൾ ശൈലിയും ഏറെ ശ്രദ്ധേയമാണ്.

'പ്രൊഫഷണലിസവും അച്ചടക്കവും വ്യക്തമായ ഒരു ശൈലിയുമാണ് എവർ കാലിക്കറ്റ് എഫ്.സിയിലേക്ക് കൊണ്ടുവന്നത്. അദ്ദേഹത്തിന്റെ അന്താരാഷ്ട്ര പരിചയസമ്പത്തും ആധുനിക ഫുട്ബോളിനെക്കുറിച്ചുള്ള കാഴ്ചപ്പാടും ക്ലബ്ബിന്റെ ലക്ഷ്യങ്ങൾക്ക് കൂടുതൽ കരുത്തേകുന്നു.

അദ്ദേഹം കോച്ചായി തുടരുന്നതിൽ ഞങ്ങൾക്ക് ഏറെ സന്തോഷമുണ്ട്.' കാലിക്കറ്റ് എഫ്.സി ക്ലബ് സിഇഒ കോരത്ത് മാത്യു പറഞ്ഞു.

ആക്രമണോത്സുകമായ രീതി, പന്തിൻമേലുള്ള മികച്ച നിയന്ത്രണം, ഹൈ ഇന്റെൻസിറ്റി പ്രെസ്സിംഗ് ശൈലി എന്നിവയിലൂടെ ക്ലബ്ബിന്റെ മികച്ച മുന്നേറ്റത്തിന് കളമൊരുക്കാൻ ഡിമാൾഡെയ്ക്ക് സാധിച്ചിട്ടുണ്ട്.

കഴിഞ്ഞ സീസണിൽ 10 മത്സരങ്ങളിൽ നിന്ന് 23 പോയിന്റോടെ ലീഗ് ടേബിളിൽ ഒന്നാമതായാണ് ക്ലബ്ബ് സീസൺ അവസാനിപ്പിച്ചത്.

'കാലിക്കറ്റ് എഫ്.സിക്കൊപ്പമുള്ള ഈ യാത്ര തുടരുന്നതിൽ എനിക്ക് ഏറെ സന്തോഷമുണ്ട്. കഴിവുറ്റ ഒരു കൂട്ടം കളിക്കാരും വ്യക്തമായ ലക്ഷ്യങ്ങളും മികച്ച പിന്തുണയുമാണ് ഇവിടെയുള്ളത്. ആരാധകരെ അഭിമാനം കൊള്ളിക്കാനും കിരീടത്തിനായി പൊരുതാനും ഞങ്ങൾ സർവ്വകരുത്തും പുറത്തെടുക്കും.' എവർ അഡ്രിയാനോ ഡിമാൾഡെ പറഞ്ഞു.

പ്രീസീസൺ പരിശീലനങ്ങൾ ആരംഭിച്ചുകഴിഞ്ഞ ക്ലബ്ബ്, കഴിഞ്ഞ സീസണിലെ മികച്ച പ്രകടനം ആവർത്തിച്ച് വരും സീസണിൽ കപ്പടിക്കുക എന്ന ഉറച്ച ലക്ഷ്യത്തോടെയാണ് മുന്നേറുന്നത്.





# ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സെന്ററും എഫ്ഡിഇ അക്കാദമിയും തുറന്ന് എക്സ്പീരിയോൺ ടെക്നോളജിസ്

**തിരുവനന്തപുരം:** എ ഐ നേറ്റീവ് പ്രോഡക്റ്റ് എൻജിനീയറിംഗ്, ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ മേഖലയിൽപ്രവർത്തിക്കുന്ന എക്സ്പീരിയൻ ടെക്നോളജിസ്, തിരുവനന്തപുരംടെക്നോപാർക്കിൽ പുതുതായി ആരംഭിച്ച 58,000 ചതുരശ്രഅടി വിസ്തീർണമുള്ള ഡെവലപ്മെന്റ് സെന്റർ പ്രശസ്ത എയറോസ്പേസ് എൻജിനീയറുംമിസൈൽ ശാസ്ത്രജ്ഞയുമായ ഡോ. ടെസ്സി തോമസ് ഉദ്ഘാടനംചെയ്തു. അഗ്നികഢ, അഗ്നിഢ മിസൈൽപദ്ധതികളിലെ നേതൃത്വപരമായ പങ്കിന്റെ പേരിൽ 'ഇന്ത്യയുടെ മിസൈൽ വുമൺ' എന്നറിയപ്പെടുന്ന ഡോ. ടെസ്സി തോമസ്, രാജ്യത്തിന്റെ പ്രതിരോധ സാങ്കേതിക രംഗത്തെശ്രദ്ധേയ വ്യക്തിത്വമാണ്.

കേന്ദ്രത്തിന്റെഉദ്ഘാടനത്തോടനുബന്ധിച്ച് സ്പീരിയൻ അതിന്റെഎ ഐ നേറ്റീവ്പ്രോഡക്റ്റ് എൻജിനീയറിംഗ് ഓപ്പറേറ്റിംഗ് മോഡലായ എആർസി പ്രഖ്യാപിക്കുകയും, ഉപഭോക്താക്കളുമായി നേരിട്ട് സംവദിക്കുന്ന എഐ റോളുകൾക്കായി അടുത്തതലമുറ എൻജിനീയറിംഗ് പ്രതിഭകളെ സജ്ജരാക്കുന്നതിനുള്ള എക്സ്പീരിയൻ ഫോർവേഡ് ഡിപ്ലോയ്ഡ് എൻജിനീയർ അക്കാദമി തുടക്കം കുറിക്കുകയും ചെയ്തു.

കമ്പനിയുടെ എആർസി ഫ്രെയിംവർക്കിന്റെ പ്രധാന കേന്ദ്രമായാണ് ഈ സെന്റർപ്രവർത്തിക്കുക. പ്രോഡക്റ്റ് ഡിസ്കവറി, എൻജിനീയറിംഗ്, എ ഐ മോഡൽ ഇന്റഗ്രേഷൻ, ഡിപ്ലോയ്മെന്റ്, തുടർച്ചയായ ഒപ്റ്റിമൈസേഷൻതുടങ്ങി ഈ മേഖലയിലെവിവിധ വിഭാഗങ്ങൾ ഇവിടെ ഒരുമിച്ച്ചേരും.

ആഴത്തിലുള്ള എൻജിനീയറിംഗ് വൈദഗ്ധ്യവും എ ഐ അടിസ്ഥാനമാക്കിയുള്ള പ്രവർത്തന രീതികളും സമന്വയിപ്പിക്കുന്നതിലൂടെ, ആശയങ്ങളിൽ നിന്ന് ഉൽപ്പന്നങ്ങളിലേക്ക് കൂടുതൽ വേഗത്തിൽ എത്താൻ ഉപഭോക്താക്കളെ സഹായിക്കുന്നതിനൊപ്പംവിവിധ വ്യവസായ മേഖലകളിലെനവീകരണത്തിനും ഈ കേന്ദ്രം വേഗം കൂട്ടും. ബാങ്കിംഗ്, ഫിനാൻഷ്യൽ സർവീസസ്, ഓട്ടോമോട്ടീവ്, റീട്ടെയിൽ, ഹെൽത്ത്കെയർ, ഇൻഷുറൻസ്തുടങ്ങിയ മേഖലകളിൽ അമേരിക്ക, യുകെ, ഓസ്ട്രേലിയ, ജപ്പാൻ തുടങ്ങിയ ആഗോള വിപണികളിലെ ഉപഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

തുടർച്ചയായ നവീകരണം, സഹകരണം, നൈപുണ്യ വികസനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതരത്തിൽ ആധുനികലബോറട്ടറികളും പഠന സൗകര്യങ്ങളുംഒപ്പം ജീവനക്കാർക്ക് ഏറ്റവുംമികച്ച തൊഴിൽസാഹചര്യവുമാണ് കേന്ദ്രംഉറപ്പുവരുത്തുന്നത്.




# ഓണം ഒരുമയുടെ ഓളം ഓണം ക്യാംപയിനുമായി സൗത്ത് ഇന്ത്യൻ ബാങ്ക്

**കൊച്ചി:** ഓണത്തിന്റെ ഒത്തൊരുമയും കേരളത്തിന്റെ പാരമ്പര്യവും ആഘോഷിച്ച് സൗത്ത് ഇന്ത്യൻ ബാങ്ക് 'ഓണം ഒരുമയുടെ ഓളം' എന്ന പേരിൽ പുതിയ ഓണം ക്യാംപയിൻ അവതരിപ്പിച്ചു. ഉത്സവാഘോഷത്തിന്റെ ഭാഗമായി പ്രത്യേക റീട്ടെയിൽ ലോൺ ഓഫറുകളും ഹൈപ്പർലോക്കൽ ഡെബിറ്റ് കാർഡ് ഓഫറുകളും ബാങ്ക് പ്രഖ്യാപിച്ചു.

90 സെക്കൻഡ് ദൈർഘ്യമുള്ള ക്യാംപയിൻ പരസ്യ ചിത്രത്തിൽ സാമ്പത്തിക പ്രതിസന്ധി മൂലം ഉപേക്ഷിക്കപ്പെട്ട ഒരു ചുണ്ടൻ വള്ളം ക്രൗഡ് ഫണ്ടിംഗിലൂടെ വീണ്ടെടുക്കാൻ ഒരു കൂട്ടം യുവാക്കൾ മുന്നോട്ടുവരുന്നതും, തുടർന്ന് പഴയകാല തുഴച്ചിൽക്കാർ വീണ്ടും കായലോളങ്ങളിലേക്ക് തിരിച്ചെത്തുന്നതുമായ കഥയാണ് അവതരിപ്പിക്കുന്നത്.ആലപ്പുഴയുടെ പശ്ചാത്തലത്തിൽ ഒരുക്കിയ ചിത്രം, തലമുറകളെ കൂട്ടിയിണക്കുന്ന കൂട്ടായ പരിശ്രമത്തിലൂടെ വള്ളംകളി പാരമ്പര്യത്തെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ സന്ദേശമാണ് നൽകുന്നത്.

സാമ്പത്തിക ബാധ്യത ബോട്ട് ക്ലബ്ബുകൾക്ക് വൻ വെല്ലുവിളിയാകുന്ന ഇന്നത്തെ യഥാർത്ഥ സാഹചര്യമാണ് ചിത്രത്തിൽ പ്രതിഫലിക്കുന്നത്. ചിത്രത്തിൽ അവതരിപ്പിക്കുന്ന ചുണ്ടൻവള്ളം ക്യാംപയിന്റെ ഭാഗമായി പുനരുദ്ധരിക്കുകയും ചെയ്തു. സംവിധായകൻ മാർട്ടിൻ പ്രക്കാട്ട് സംവിധാനം ചെയ്ത ചിത്രത്തിന് ശരത് പ്രകാശ് തിരക്കഥയൊരുക്കി. നടൻ കിരൺ പീതാംബരൻ പ്രധാന വേഷത്തിലെത്തുന്നു. ക്യാംപയിൻ കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തെയും സമൂഹങ്ങളുടെ കൂട്ടായ്മയെയും ആദരിക്കുന്നതാണെന്ന് സൗത്ത് ഇന്ത്യൻ ബാങ്ക് മാനേജിങ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ പി. ആർ. ശേഷാദ്രി പറഞ്ഞു. ഹോം ലോൺ, കാർ ലോൺ, റീട്ടെയിൽ, പേഴ്സണൽ ലോൺ തുടങ്ങിയവയിൽ പ്രത്യേക ഉത്സവകാല ഓഫറുകളും ബാങ്ക് നൽകുന്നുണ്ട്. ബാങ്കിന്റെ ഹൈപ്പർലോക്കൽ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ നാൽപതിലേറെ ബ്രാൻഡുകളുടെ 250ലേറെ ഔട്ട്ലെറ്റുകളുമായി സഹകരിച്ച് ഡെബിറ്റ് കാർഡ് ഉപഭോക്താക്കൾക്ക് പ്രത്യേക ഓഫറുകളും ഡിസ്കൗണ്ടുകളും ലഭ്യമാണ്. ഓണത്തിന്റെ പാരമ്പര്യവും ബന്ധങ്ങളും കൂട്ടായ്മയും ആഘോഷിക്കുന്നതിനൊപ്പം കേരളവുമായുള്ള ബാങ്കിന്റെ ദീർഘകാല ബന്ധം കൂടുതൽ ശക്തമാക്കുകയാണ് ക്യാംപയിന്റെ ലക്ഷ്യം.



# സിറ്റി റേസ് നാലാം സീസണിന് മികച്ച പങ്കാളിത്തം

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ റേസിംഗ് ടാലന്റ് ഹണ്ടായ കെ.ടി.എം കപ്പ് സിറ്റി റേസ് നാലാം സീസൺ തൃശൂരിൽ സംഘടിപ്പിച്ചു. കേരളത്തിൽ ആദ്യമായാണ് റേസ് നടത്തിയത്. മികച്ച ആവേശവും പങ്കാളിത്തവുമാണ് റേസിൽ അനുഭവപ്പെട്ടത്.

ഗുവാഹത്തിക്കൊപ്പമാണ് തൃശൂരിലും മത്സരങ്ങൾ നടന്നത്. രാജ്യമെമ്പാടുമുള്ള വളർന്നുവരുന്ന റേസർമാർക്ക് മികച്ച അവസരമാണ് സിറ്റി റേസ് ഒരുക്കിയത്. വിജയികൾക്ക് സീസൺ 4 സോണൽ റൗണ്ടിലേക്ക് യോഗ്യത നേടാനുമായി. മത്സരാർത്ഥികൾ കെടിഎം ആർസി 200, 160 ഡ്യൂക്ക്, 200 ഡ്യൂക്ക്, 250 ഡ്യൂക്ക് എന്നീ ബൈക്കുകളിലായിരുന്നു പ്രകടനങ്ങൾ പുറത്തെടുത്തത്. രണ്ടായിരത്തിലധികം റൈഡർമാർ ട്രാക്കിലെത്തുന്ന റേസ് സീസൺ മുഴുവൻ നീണ്ടുനിൽക്കും.

ട്രാക്കിലെ മത്സരങ്ങൾക്കൊപ്പം റൈഡർമാർക്കും കാണികൾക്കും കെടിഎം വിദഗ്ധരുമായി ആശയവിനിമയം നടത്താനും വാഹനത്തിന്റെ ഏറ്റവും പുതിയ മോഡലുകൾ പരിചയപ്പെടാനും റെഡി ടു റേസ് കമ്യൂണിറ്റിയുടെ ഭാഗമാകാനും അവസരം ലഭിച്ചു. ഹൈദരാബാദ്, പൂനെ, ഡൽഹി, ഡെറാഡൂൺ എന്നിവിടങ്ങളിലായാണ് ഇനി റേസ് നടക്കുക.

ഫെഡറേഷൻ ഓഫ് മോട്ടോർ സ്പോർട്സ് ക്ലബ്സ് ഓഫ് ഇന്ത്യയുടെ അംഗീകാരമുള്ള റേസ് പുതുതലമുറയിലെ ട്രാക്ക് ടാലന്റുകളെ വളർത്തിയെടുക്കുന്നതിൽ ഏറെ ശ്രദ്ധ പുലർത്തുന്നു.

ഇന്ത്യയിലെമ്പാടുമുള്ള റൈഡർമാർക്ക് സുരക്ഷിതവും നിയന്ത്രിതവുമായ മത്സര അന്തരീക്ഷം അനുഭവിക്കാനുള്ള അവസരമാണ് ഇതിലൂടെ റൈഡർമാർക്ക് കൈവരിക്കാനായത്.

# പൂക്കള മത്സരവുമായി ബിർള ഓപസ്

**കൊച്ചി:** ഓണാഘോഷങ്ങളുടെ ഭാഗമായി ബിർള ഓപസ് പെയിന്റ്സ് 'ഓണത്തിന് വർണ്ണമേകാം' എന്ന പേരിൽ പൂക്കള മത്സരം സംഘടിപ്പിക്കുന്നു. ഓഗസ്റ്റ് 24ന് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, തൃശൂർ എന്നിവിടങ്ങളിലെ ലുലു മാൾ, സെലെക്സ് മാൾ എന്നിവിടങ്ങളിലാണ് മത്സരം. പ്രദേശവാസികൾക്ക് ടീമുകളായി മത്സരത്തിൽ പങ്കെടുക്കാം. ഓരോ വേദിയിലും ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 20,000, 15,000, 10,000 രൂപ വീതം സമ്മാനം ലഭിക്കും. നാല് വേദികളിൽ നിന്നുള്ള വിജയികളിൽ നിന്ന് തിരഞ്ഞെടുക്കുന്ന മെഗാ വിജയിക്ക് ഒരു ലക്ഷം രൂപയാണ് സമ്മാനം. സെലിബ്രിറ്റികളുടെയും ഇൻഫ്ലുവൻസർമാരുടെയും ബിർള ഓപസ് പെയിന്റ്സ് ഡീലർമാരുടെയും പങ്കാളിത്തവും വിവിധ വിനോദ പരിപാടികളും മത്സരത്തിന്റെ ഭാഗമായി ഉണ്ടാകും. birlaopusonam.com വഴി രജിസ്റ്റർ ചെയ്യാം.

# ബോബി ചെമ്മണൂർ ജ്വല്ലേഴ്സ് ഇനി പാലായിലും

**കോട്ടയം:** ബോബി ചെമ്മണൂർ ഇൻറർനാഷണൽ ജ്വല്ലേഴ്സ് ഏറ്റവും പുതിയ ഷോറൂം കോട്ടയം പാലായിൽ പ്രവർത്തനമാരംഭിച്ചു. പ്രശസ്ത സിനിമാതാരം സ്വാസിക ഉദ്ഘാടനം നിർവഹിച്ചു. മാണി സി. കാപ്പൻ എംഎൽഎ മുഖ്യാതിഥിയായി. ഡയമണ്ട് ആദ്യവില്പന നിഷ ജോസ് (സോഷ്യൽ വർക്കർ), ഗോൾഡ് ആദ്യവില്പന മായ രാഹുൽ (ആക്ടിംഗ് ചെയർപേഴ്സൺ) എന്നിവർ നിർവഹിച്ചു.

ജോസിൻ ബിനോ (വാർഡ് കൗൺസിലർ), വി.സി. ജോസഫ് (ജനറൽ സെക്രട്ടറി, കെവിവിഇഎസ്, പാലാ), ലിബി ഏബ്രഹാം (ഗോൾഡ് അസോസിയേഷൻ, പാലാ), സി.പി. അനിൽ (ജിഎം, ബോബി ചെമ്മണൂർ ഇൻറർനാഷണൽ ഗ്രൂപ്പ്), എം.ജെ. ജോജി (പിആർഒ ബോബി ചെമ്മണൂർ ഇൻറർനാഷണൽ ഗ്രൂപ്പ്) എന്നിവർ സംസാരിച്ചു.

ചടങ്ങിൽ നിർധനരായ രോഗികൾക്കു ബോചെ ഫാൻസ് ചാരിറ്റബിൾ ട്രസ്റ്റ് നൽകുന്ന ധനസഹായം വിതരണം ചെയ്തു. ഉദ്ഘാടനത്തിന്റെ ഭാഗമായി നിരവധി ഓഫറുകളാണു ബോബി ചെമ്മണൂർ ഇൻറർനാഷണൽ ജ്വല്ലേഴ്സിൽ ഒരുക്കിയിരിക്കുന്നത്. ഉദ്ഘാടനത്തിനെത്തുന്നവരിൽനിന്നും നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന അഞ്ചു പേർക്ക് ഡയമണ്ട് റിംഗ് സമ്മാനമായി ലഭിക്കും. പർച്ചേയ്സ് ചെയ്യുന്നവരിൽനിന്നും നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ഭാഗ്യശാലിക്കു ബംപർ സമ്മാനമായ കിയ സെൽടോസ് കാർ സ്വന്തമാക്കാം. പാലാ കെഎസ്ആർടിസി ബസ് സ്റ്റേഷന് സമീപമാണു ഷോറൂം പ്രവർത്തിക്കുന്നത്.




## ന്യൂയോർക്ക് ഇന്ത്യ ഡേ പരേഡിൽ ആദ്യമായി അരുൺ ഐസ്ക്രീംസ്

**ചെന്നൈ:** ഹാറ്റ്സൺ അഗ്രോ പ്രൊഡക്ട് ലിമിറ്റഡിന്റെ ഐസ്ക്രീം ബ്രാൻഡായ അരുൺ ഐസ്ക്രീംസ്, ന്യൂയോർക്കിൽ നടന്ന ഇന്ത്യ ഡേ പരേഡിൽ ആദ്യമായി പങ്കെടുത്തു. ഓഗസ്റ്റ് 16ന് മാഡിസൺ അവന്യൂവിൽ നടന്ന പരേഡിന്റെ ഭാഗമായി പ്രത്യേകം തയ്യാറാക്കിയ ഫ്ലോട്ടും ഉപഭോക്തൃ പങ്കാളിത്ത ബൂത്തുകളും അരുൺ ഐസ്ക്രീംസ് ഒരുക്കി.

പരിപാടിയിൽ ബട്ടർസ്കോച്ച് സാൻഡ്‌വിച്ച്, ക്രീം ആൻഡ് കുക്കീസ് ഡോണട്ട്സ്, വാനില ബൈറ്റ്സ്, പോപിറ്റോസ് കച്ച മാംഗോ, മലായ് കുൽഫി തുടങ്ങിയ രുചികളിലുള്ള 15,000ലധികം ഐസ്ക്രീമുകൾ വിതരണം ചെയ്തു. അമേരിക്കൻ വിപണിയിലേക്കുള്ള സമീപകാല പ്രവേശനത്തിന് പിന്നാലെയാണ് ന്യൂയോർക്ക് ഇന്ത്യ ഡേ പരേഡിലെ അരുണിന്റെ ആദ്യ പങ്കാളിത്തം. അമേരിക്കയിൽ ബ്രാൻഡിന്റെ സാന്നിധ്യം ശക്തിപ്പെടുത്തുന്നതിനും കൂടുതൽ ഉപഭോക്താക്കളിലേക്ക് എത്തുന്നതിനുമുള്ള ശ്രമങ്ങളുടെ ഭാഗമായാണ് പങ്കാളിത്തമെന്ന് കമ്പനി അറിയിച്ചു.

## എൻ.എച്ച്.സി. ഫുഡ്സിന് 235% വരുമാന വർധനവ്

**കൊച്ചി:** എൻ.എച്ച്.സി. ഫുഡ്സ് ലിമിറ്റഡിന്റെ ഒന്നാം പാദ കാലയളവിലെ പ്രവർത്തന വരുമാനം 234.54% വർദ്ധിച്ച് 369.69 കോടി രൂപയായി. കമ്പനിയുടെ എബിറ്റ 512.43% വർദ്ധിച്ച് 21.29 കോടി രൂപയായപ്പോൾ, അൺഓഡിറ്റഡ് കൺസോളിഡേറ്റഡ് അറ്റാദായം 919.81% വളർച്ചയോടെ 16.99 കോടി രൂപയിലെത്തി. മുൻ വർഷം ഇതേ കാലയളവിൽ ഇത് 1.67 കോടി രൂപ മാത്രമായിരുന്നു. ബേസിക് ഇ.പി.എസ്. മുൻ വർഷത്തെ 0.03 രൂപയിൽ നിന്ന് 0.26 രൂപയായി ഉയർന്നു. മികച്ച പ്രവർത്തനക്ഷമതയും വ്യാപാര വിപുലീകരണവുമാണ് ഈ വളർച്ചയ്ക്ക് കാരണമെന്ന് മാനേജിംഗ് ഡയറക്ടർ സത്യം ശിരീഷ്ചന്ദ്ര ജോഷി വ്യക്തമാക്കി.

ഗ്ലോബൽ ഫോക്കസ് ഫണ്ടിന് ഇക്വിറ്റി ഷെയറുകൾ അനുവദിച്ചുകൊണ്ട് കമ്പനി തങ്ങളുടെ മൂലധന അടിത്തറ ശക്തമാക്കി. കൂടാതെ, അഗ്രി കമ്മോഡിറ്റീസ് മേഖലയിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി അഗ്രികണക്ട് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡിനെ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കമ്പനി ലെറ്റർ ഓഫ് ഇന്റന്റിൽ ഒപ്പുവെച്ചു. വിപണിയിലെ സാന്നിധ്യം ശക്തിപ്പെടുത്തുന്നതിലൂടെ ഓഹരി ഉടമകൾക്ക് ദീർഘകാല മൂല്യം ഉറപ്പാക്കാൻ സാധിക്കുമെന്നാണ് കമ്പനിയുടെ വിലയിരുത്തൽ.

## ഗവ.സൈബർ പാർക്കിൽ സൈബർ സെക്യൂരിറ്റി ശില്പശാല

**കോഴിക്കോട്:** കേരള പോലീസ് സൈബർഡോമും വാറ്റിൽകോർപ് സൈബർ സെക്യൂരിറ്റി ലാബ്സും ചേർന്ന് ഗവ. സൈബർപാർക്കിൽ 'വർക്ക്ഷോപ്പ് ഓൺ എന്റർപ്രൈസ് സൈബർ സെക്യൂരിറ്റി' ഏകദിന ശില്പശാല സംഘടിപ്പിച്ചു. ഗവ.സൈബർപാർക്ക്, കാലിക്കറ്റ് ഫോറം ഫോർ ഐടി (കാഫിറ്റ്) എന്നിവയുടെ സഹകരണത്തോടെ 'സ്ട്രെങ്തൻ, സെക്യൂർ, സക്സീഡ്' എന്ന പ്രമേയത്തിലാണ് പരിപാടി സംഘടിപ്പിച്ചത്.

മലബാർ മേഖലയിലെ വിവിധ വ്യവസായവാണിജ്യ സ്ഥാപനങ്ങളിൽ നിന്നുള്ള പ്രൊഫഷണലുകൾ, ഐടി മാനേജർമാർ, സുരക്ഷാ വിദഗ്ധർ തുടങ്ങിയവർ ഡിജിറ്റൽ സുരക്ഷാ വെല്ലുവിളികളെക്കുറിച്ചും സുരക്ഷിതമായ ഡിജിറ്റൽ അന്തരീക്ഷം കെട്ടിപ്പടുക്കുന്നതിനുള്ള വഴികളെക്കുറിച്ചും ചർച്ച ചെയ്തു.

സ്ഥാപനങ്ങൾ അതിവേഗം ഡിജിറ്റൽ യുഗത്തിലേക്ക് മാറുമ്പോൾ വർദ്ധിച്ചുവരുന്ന സൈബർ ഭീഷണികൾ നേരിടാൻ ബോധവൽക്കരണത്തിനപ്പുറം ഫലപ്രദമായ പ്രായോഗിക അറിവും പോംവഴികളും ലഭ്യമാക്കുകയാണ് ഈ ശില്പശാലയിലൂടെ ലക്ഷ്യമിട്ടത്.

സംസ്ഥാനത്തിന്റെ സൈബർ സുരക്ഷാ മേഖലയെ ശക്തിപ്പെടുത്തുന്നതിൽ കേരള പോലീസ് സൈബർഡോമും സ്വകാര്യ വ്യാവസായിക പങ്കാളികളും തമ്മിലുള്ള സഹകരണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നതായിരുന്നു ശിൽപശാല.

യുഎഇ, സൗദി അറേബ്യ, ഖത്തർ, യുകെ, യുഎസ്, സിംഗപ്പൂർ, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിൽ ആഗോളതലത്തിൽ പ്രവർത്തിക്കുന്ന കേരള ആസ്ഥാനമായുള്ള കമ്പനിയാണ് വാറ്റിൽകോർപ് സൈബർ സെക്യൂരിറ്റി ലാബ്സ്.




ആസ്റ്റർ മെഡ്സിറ്റിയും കേരള പോലീസും സംയുക്തമായി സംഘടിപ്പിക്കുന്ന ലഹരിവിരുദ്ധ പ്രചാരണ പരിപാടിയായ 'തൂഫാനോണം', കൊച്ചി സിറ്റി പോലീസ് കമ്മീഷണർ എസ്. കാളിരാജ് മഹേഷ് കുമാർ ഐപിഎസ്, എറണാകുളം റേഞ്ച് ഡിഐജി യതീഷ് ചന്ദ്ര ജി എച്ച് ഐപിഎസ് എന്നിവർ ചേർന്ന് ഫ്ലാഗ് ഓഫ് ചെയ്യുന്നു. ആസ്റ്റർ മെഡ്സിറ്റി സിഇഒ ഡോ. നളന്ദ ജയദേവ്, സിഒഒ ഡോ. ഷുഹൈബ് ഖാദർ, സിഎംഎസ് ഡോ. ദിലീപ് പണിക്കർ, മെഡിക്കൽ വാല്യൂ ട്രാവൽ വിഭാഗം മേധാവി അമിത് സിംഗാൾ എന്നിവർ സമീപം.

# തൂഫാനോണം ലഹരിവിരുദ്ധ ക്യാംപയിനുമായി ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** കൊച്ചി ആസ്റ്റർ മെഡ്സിറ്റി, കേരള പോലീസുമായി ചേർന്ന് മയക്കുമരുന്നിനും ലഹരിവസ്തുക്കളുടെ ഉപയോഗത്തിനുമെതിരെ സംയുക്ത ബോധവൽക്കരണ കാമ്പയിൻ ആരംഭിച്ചു. 'തൂഫാനോണം' എന്ന പേരിലുള്ള ക്യാമ്പയിൻ, മയക്കുമരുന്നിൽ നിന്ന് മുക്തമായിട്ടുള്ള സമൂഹത്തെ കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെയാണ് വിഭാവനം ചെയ്തിരിക്കുന്നത്. ആരോഗ്യം, ക്രമസമാധാനം തുടങ്ങിയ മേഖലകളെ ഏകോപിപ്പിച്ചാണ് ഈ പദ്ധതിക്ക് തുടക്കമിട്ടിരിക്കുന്നത്.

ചടങ്ങിൽ സംസാരിച്ച കൊച്ചി സിറ്റി പോലീസ് കമ്മീഷണർ എസ് . കാളിരാജ് മഹേഷ് കുമാർ ഐ.പി.എസ്, മയക്കുമരുന്ന് മുക്തമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായുള്ള ആസ്റ്റർ മെഡ്സിറ്റിയുടെ ശ്രമങ്ങളെ പ്രശംസിച്ചു. ലഹരിവസ്തുക്കളുടെ വിതരണം തടയുന്നതിനൊപ്പം, അവയുടെ ആവശ്യകത കുറയ്ക്കേണ്ടതും അനിവാര്യമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ലഹരി ഉപയോഗത്തിന്റെ ദീർഘകാല പ്രത്യാഘാതങ്ങളെക്കുറിച്ച് ജനങ്ങൾ മനസ്സിലാക്കുന്നതോടെ, അതിൽ നിന്ന് അകന്നുനിൽക്കാനുള്ള തീരുമാനത്തിലേക്ക് അവർ സ്വമേധയാ എത്തിച്ചേരും. ഇതിന് നിരന്തരമായ ബോധവൽക്കരണ കാമ്പയിനുകൾ അത്യാവശ്യമാണെന്നും അദ്ദേഹം വ്യക്തമാക്കി. ഇതോടൊപ്പം, ആശുപത്രികളിൽ ലഹരിവിമുക്തി ചികിത്സയ്ക്കും പുനരധിവാസത്തിനുമായി, പ്രത്യേക സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ടെന്നും, ലഹരിവിരുദ്ധ പോരാട്ടത്തിൽ ഇത് വലിയ പിന്തുണയാകുമെന്നും എസ്. കാളിരാജ് മഹേഷ് കുമാർ ഐ.പി.എസ് പറഞ്ഞു.

ക്യാമ്പയിന്റെ ഭാഗമായി 'തൂഫാൻ വാരിയർ' ബാഡ്ജുകൾ വിതരണം ചെയ്യുകയും, പങ്കെടുത്ത എല്ലാവരും ലഹരിമുക്ത സമൂഹത്തിനായി ഒന്നിച്ചുനിൽക്കുമെന്ന് ഉറപ്പുനൽകിക്കൊണ്ട് 'തൂഫാൻ' ലഹരിവിരുദ്ധ പ്രതിജ്ഞ എടുക്കുകയും ചെയ്തു.

എറണാകുളം ജില്ലയിലെ വിവിധ ഭാഗങ്ങളിൽ സഞ്ചരിക്കുന്ന മഹാബലിയും പ്രചാരണ രഥവുമാണ് ഈ ക്യാമ്പയിന്റെ പ്രധാന ആകർഷണം. സ്കൂളുകൾ, കോളേജുകൾ, പൊതു സ്ഥലങ്ങൾ, എന്നിവ കേന്ദ്രീകരിച്ച് കടന്നുപോകുന്ന ഈ രഥയാത്രയിൽ ബോധവൽക്കരണ ലഘുലേഖകളും വിതരണം ചെയ്യും. ജില്ലയിലെ പോലീസ് സ്റ്റേഷനുകളിൽ രഥത്തിന് സ്വീകരണം നൽകുന്നതോടൊപ്പം, യാത്രയിൽ ആസ്റ്റർ മെഡ്സിറ്റിയിലെ ഡോക്ടർമാരുടെ സേവനവും ലഭ്യമായിരിക്കും. കൊച്ചി സിറ്റി പോലീസ് കമ്മീഷണർ എസ്. കാളിരാജ് മഹേഷ് കുമാർ ഐ.പി.എസ്, എറണാകുളം റേഞ്ച് ഡി.ഐ.ജി യതീഷ് ചന്ദ്ര ജി.എച്ച് ഐ.പി.എസ്, ചേർന്നാണ് രഥം ആസ്റ്റർ മെഡ്സിറ്റിയിൽ നിന്നും ഫ്ളാഗ് ഓഫ് ചെയ്തത്.

സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ ലഹരിവിരുദ്ധ പോരാട്ടമായ തൂഫാൻ ക്യാമ്പയിനുമായി സഹകരിക്കാൻ കഴിഞ്ഞതിൽ ഏറെ സന്തോഷമുണ്ടെന്ന് ആസ്റ്റർ മെഡ്സിറ്റി സി.ഇ.ഒ ഡോ. നളന്ദ ജയദേവ് പറഞ്ഞു. ആരോഗ്യമുള്ള ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിനുള്ള ഇത്തരം പ്രവർത്തനങ്ങൾക്ക് തുടർന്നും മുഴുവൻ പിന്തുണയും ആസ്റ്റർ മെഡ്സിറ്റി ലഭ്യമാക്കുമെന്നും അദ്ദേഹം ഉറപ്പുനൽകി.

ആസ്റ്റർ മെഡ്സിറ്റിയിൽ നടന്ന ചടങ്ങിൽ കൊച്ചി സിറ്റി പോലീസ് കമ്മീഷണർ എസ്. കാളിരാജ് മഹേഷ് കുമാർ ഐ.പി.എസ്, എറണാകുളം റേഞ്ച് ഡി.ഐ.ജി യതീഷ് ചന്ദ്ര ജി.എച്ച് ഐ.പി.എസ്, ആസ്റ്റർ മെഡ്സിറ്റി സി.ഇ.ഒ ഡോ. നളന്ദ ജയദേവ്, സി.ഒ.ഒ ഡോ. ഷുഹൈബ് ഖാദർ, സി.എം.എസ് ഡോ. ദിലീപ് പണിക്കർ, മെഡിക്കൽ വാല്യൂ ട്രാവൽ പ്രതിനിധി അമിത് സിംഗാൾ എന്നിവർ ലഹരി വിരുദ്ധ സന്ദേശം കൈമാറി.

## എക്സോണിക് ഷിപ്പിങ് കമ്പനി ഓഫീസ് ഉദ്ഘാടനം ചെയ്തു




**കൊച്ചി:** ക്രൂയിസ് ടെർമിനൽ നിർമ്മിക്കാൻ കൊച്ചി തുറമുഖ ട്രസ്റ്റിന് പത്ത് ഏക്കർ സ്ഥലം സർക്കാർ നൽകുമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ പറഞ്ഞു. ദുബായ് ആസ്ഥാനമായുള്ള എക്സോണിക് ഷിപ്പിങ് കമ്പനിയുടെ കൊച്ചി ഓഫീസിന്റെയും ലോജിസ്റ്റിക്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. വിഴിഞ്ഞത്ത് കയറ്റുമതി ഇറക്കുമതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതോടെ സംസ്ഥാനത്തെ സുഗന്ധവ്യഞ്ജനങ്ങൾ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾക്ക് അന്താരാഷ്ട്രവിപണി കണ്ടെത്താൻ സഹായകരമാകും. ഓഷ്യനേറിയം അന്താരാഷ്ട്ര മാരിടൈം മ്യൂസിയം, ഫിലിം സിറ്റി എന്നീ പദ്ധതികൾ കൊച്ചിയിലെ ടൂറിസം വളർച്ചയ്ക്ക് വഴിതെളിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. ഹൈബി ഈഡൻ എം.പി., ടി.ജെ. വിനോദ് എം.എൽ.എ., മുൻ എം.എൽ.എ. ജോസഫ് വാഴയ്ക്കൻ, കൗൺസിലർ ബിന്ദു വിജു, എക്സോണിക് എം.ഡി. മാരായ ടിന്റു ബേബി, ജോഷി ജോൺ തുടങ്ങിയവർ പ്രസംഗിച്ചു.

ഇന്ത്യയിൽ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് കൊച്ചിയിലെ ഓഫീസ് തുടങ്ങുന്നതെന്ന് എക്സോണിക് മാനേജിംഗ് ഡയറക്ടർമാരായ ടിന്റു ബേബിയും ജോഷി ജോണും പറഞ്ഞു. വികസനത്തിന്റെ ഭാഗമായി മൂന്ന് വർഷത്തിനുള്ളിൽ വിഴിഞ്ഞത്തും ഓഫീസ് ആരംഭിക്കും. കേരളത്തിൽ 500 പേർക്ക് നേരിട്ടും 2000 പേർക്ക് പരോക്ഷമായും തൊഴിൽ നൽകാൻ കഴിയുമെന്ന് അവർ പറഞ്ഞു. കേരളത്തിൽ നിന്നും യൂറോപ്പ്, യു.എസ്.എ, മിഡിൽ ഈസ്റ്റ് എന്നിവടങ്ങളിലേക്ക് ചരക്കുകൾ അയച്ചു തുടങ്ങും. കൂടാതെ വിവിധ രാജ്യങ്ങളിൽ ഇറക്കുമതിയും ഉണ്ടാകും. ഷിപ്പിംഗ് മേഖലയിൽ പരിചയ സമ്പന്നരായ തൊഴിലാളികളുടെ ലഭ്യത കുറവായതിനാലാണ് കൊച്ചിയിൽ ലോജിസ്റ്റിക്ക് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നത്. ആറു മാസം മുതൽ ഒരു വർഷം വരെ നീളുന്ന കോഴ്സുകളാണ് ഇവിടെ ആരംഭിക്കുന്നത്.

# കൊതുകുജന്യ രോഗങ്ങൾക്കെതിരെ പൊതുജനാരോഗ്യ ജാഗ്രതാ നിർദ്ദേശങ്ങളുമായി കെയർ ഹെൽത്ത് ഇൻഷുറൻസ്

**കൊച്ചി:** മഴക്കാലമായതോടെ ഡെങ്കിപ്പനി, മലേറിയ, ചിക്കുൻഗുനിയ തുടങ്ങിയ കൊതുകുജന്യ രോഗങ്ങൾക്കുള്ള സാധ്യത വർദ്ധിക്കുന്ന സാഹചര്യത്തിൽ, ജാഗ്രത പാലിക്കാനും പ്രതിരോധ മാർഗങ്ങൾ സ്വീകരിക്കാനും യഥാസമയം വൈദ്യസഹായം തേടാനും അഭ്യർത്ഥിച്ചുകൊണ്ട് കെയർ ഹെൽത്ത് ഇൻഷുറൻസ് പൊതുജനാരോഗ്യ ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ചു. വലിയൊരളവോളം തടയാൻ കഴിയുന്നവയാണെങ്കിലും, മഴക്കാലത്ത് ഇവ ആവർത്തിച്ചുണ്ടാകുന്ന പൊതുജനാരോഗ്യ വെല്ലുവിളിയായി മാറുകയും പലപ്പോഴും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്കും അപ്രതീക്ഷിത ചികിത്സാ ചെലവുകൾക്കും കാരണമാവുകയും ചെയ്യുന്നു.

ഇന്ത്യയിൽ മഴക്കാലം ശക്തി പ്രാപിക്കുമ്പോൾ, ഉണ്ടാകുന്ന രോഗവ്യാപനങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനായി പൊതുജനാരോഗ്യ അധികാരികൾ മുന്നൊരുക്കങ്ങൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൻറെ നിർദ്ദേശപ്രകാരം, രോഗനിരീക്ഷണം, കൊതുക് നിയന്ത്രണം, ജനങ്ങൾക്കിടയിലുള്ള ബോധവൽക്കരണം, ആരോഗ്യസംരക്ഷണ സംവിധാനങ്ങളുടെ തയ്യാറെടുപ്പുകൾ എന്നിവ ശക്തമാക്കാൻ എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ, രോഗികളുടെ എണ്ണത്തിലുണ്ടാകുന്ന പെട്ടെന്നുള്ള വർദ്ധനവ് ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനായി ആവശ്യത്തിന് കിടക്കകൾ, മരുന്നുകൾ, രോഗനിർണയ സംവിധാനങ്ങൾ, രക്തഘടകങ്ങൾ, പരിശീലനം ലഭിച്ച ആരോഗ്യ പ്രവർത്തകർ എന്നിവയുടെ ലഭ്യത ഉറപ്പാക്കാൻ ആശുപത്രികളും നടപടികൾ സ്വീകരിക്കുന്നുണ്ട്.

അപ്രതീക്ഷിതമായുണ്ടാകുന്ന അടിയന്തര വൈദ്യസഹായ ആവശ്യങ്ങൾ കുടുംബങ്ങളിൽ സാമ്പത്തിക സമ്മർദ്ദമുണ്ടാക്കുന്നു. അതിനാൽ, കെയർ ഹെൽത്ത് ഇൻഷുറൻസ് വ്യക്തികളോട് താഴെ പറയുന്ന പ്രതിരോധ മാർഗങ്ങൾ സ്വീകരിക്കാൻ ശുപാർശ ചെയ്യുന്നു.

വീടും പരിസരവും കൃത്യമായി പരിശോധിച്ച് കൊതുക് വളരാൻ സാധ്യതയുള്ള കൂളറുകൾ, ബക്കറ്റുകൾ, പൂച്ചട്ടികൾ, ടയറുകൾ, ഓവർഹെഡ് ടാങ്കുകൾ, മറ്റ് പാത്രങ്ങൾ എന്നിവയിൽ കെട്ടിക്കിടക്കുന്ന വെള്ളം ഒഴിവാക്കുക.

കൊതുകുനാശിനികൾ ഉപയോഗിക്കുക, ശരീരം പൂർണമായി മറയ്ക്കുന്ന വസ്ത്രങ്ങൾ ധരിക്കുക, കൊതുക് വലകളോ സ്ക്രീനുകളോ ഉപയോഗിക്കുക. പ്രത്യേകിച്ചും കുട്ടികൾ, മുതിർന്ന പൗരന്മാർ, ഗർഭിണികൾ, മറ്റ് ആരോഗ്യപ്രശ്നങ്ങളുള്ളവർ എന്നിവരുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തുക.

തുടർച്ചയായ പനി, കഠിനമായ തലവേദന, ശരീരവേദന, ക്ഷീണം അല്ലെങ്കിൽ കൊതുകുജന്യ രോഗങ്ങളുമായി ബന്ധപ്പെട്ട മറ്റ് ലക്ഷണങ്ങൾ അനുഭവപ്പെടുകയാണെങ്കിൽ ഉടൻ വൈദ്യസഹായം തേടുക. സ്വയം ചികിത്സ ഒഴിവാക്കുകയും ഡോക്ടർ നിർദ്ദേശിക്കുന്ന ചികിത്സാക്രമം പൂർത്തിയാക്കുകയും ചെയ്യുക.

വേഗത്തിൽ സുഖം പ്രാപിക്കാനും സങ്കീർണതകൾ കുറയ്ക്കാനും രോഗമുക്തി നേടുന്ന കാലയളവിൽ ഉടനീളം ശരീരത്തിൽ ആവശ്യത്തിന് ജലാംശം നിലനിർത്തുകയും ഡോക്ടറുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുകയും ചെയ്യുക.

ചികിത്സയ്ക്കും ആശുപത്രി വാസത്തിനുമായി വരുന്ന സാമ്പത്തിക ബാധ്യത കുറയ്ക്കുന്നതിനായി നിങ്ങളുടെ ഹെൽത്ത് ഇൻഷുറൻസ് പരിരക്ഷ കൃത്യമായി പരിശോധിക്കുക. ഇന്ന് മിക്ക പോളിസികളും 'ഡോക്ടർ ഓൺ കോൾ' പോലുള്ള വിർച്ചൽ കൺസൾട്ടേഷൻ സേവനങ്ങൾ നൽകുന്നുണ്ട്. കൊതുകുജന്യ രോഗങ്ങളുടെ ലക്ഷണങ്ങൾ കണ്ടുതുടങ്ങുമ്പോൾ തന്നെ പ്രാഥമിക സഹായത്തിനായി ഇവ പ്രയോജനപ്പെടുത്താവുന്നതാണ്.

എല്ലാ കൊതുകുജന്യ രോഗങ്ങൾക്കും ആശുപത്രി വാസം ആവശ്യമില്ല. ഡോക്ടറുടെ കൃത്യമായ നിർദ്ദേശങ്ങളും മരുന്നുകളും ശരിയായ ചികിത്സാ പ്രോട്ടോക്കോളുകളും പാലിക്കുന്നതിലൂടെ ഇവയിൽ പല രോഗങ്ങളും വീട്ടിൽ വെച്ചുതന്നെ ചികിത്സിച്ചു മാറ്റാവുന്നതാണ്.

പ്രതിരോധ ആരോഗ്യപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനും യഥാസമയമുള്ള നടപടികൾ സ്വീകരിക്കുന്നതിനും കെയർ ഹെൽത്ത് ഇൻഷുറൻസ് പ്രതിജ്ഞാബദ്ധമാണ്. കൃത്യമായ ബോധവൽക്കരണം, നേരത്തെയുള്ള രോഗനിർണയം, ലളിതമായ പ്രതിരോധ മാർഗങ്ങൾ എന്നിവ കൊതുകുജന്യ രോഗങ്ങളുടെ ആഘാതം കുറയ്ക്കാനും മികച്ച ആരോഗ്യം ഉറപ്പാക്കാനും വലിയ തോതിൽ സഹായിക്കും.

# കൊച്ചിയിൽ നിന്ന് 45 ടൺ പച്ചക്കറി വിഭവങ്ങളുമായി വിമാനം പുറപ്പെട്ടു

**കൊച്ചി:** പ്രവാസ ലോകത്ത് ഓണം ആഘോഷമാക്കാൻ ഓണസദ്യയ്ക്കാവശ്യമായ പഴം, പച്ചക്കറി, വാഴയില തുടങ്ങിയ വിഭവങ്ങളുമായി ലുലുവിന്റെ പ്രത്യേക കാർഗോ വിമാനം കൊച്ചിയിൽ നിന്ന് പുറപ്പെട്ടു. നാഷണൽ എയർലൈൻസിന്റെ കാർഗോ വിമാനത്തിലാണ് ഇന്നലെ രാവിലെ 10:40 ന് 45 ടൺ പഴം പച്ചക്കറി വിഭവങ്ങൾ കയറ്റി അയച്ചത്.

സദ്യയ്ക്കാവശ്യമായ വാഴയിലകൾ ഉൾപ്പെടെയുള്ള പഴം, പച്ചക്കറി വിഭവങ്ങളാണ് വിമാനത്തിലുള്ളത്. ഇതിന് പുറമെ 60 ടൺ പഴം, പച്ചക്കറി, വാഴയിലകൾ എന്നിവയുമായി മറ്റൊരു കാർഗോ വിമാനം ഓഗസ്റ്റ് 20ന് കൊച്ചിയിൽ നിന്ന് പുറപ്പെടും.

ലുലു ഫെയർ എക്സ്പോർട്ടിന്റെ നേതൃത്വത്തിൽ മൂന്ന് ലക്ഷത്തിലധികം പഴംപച്ചക്കറി വിഭവങ്ങളാണ് ഗൾഫ് രാജ്യങ്ങളിലെ ലുലു സ്റ്റോറുകളിലേക്ക് എത്തിക്കുന്നത്. ഓണക്കാലത്ത് പ്രവാസി മലയാളികൾക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള മുൻകരുതൽ




നടത്തുമെന്ന് ലുലു ഗ്രൂപ്പ് ചെയർമാൻ എം എ യൂസഫലി പ്രഖ്യാപിച്ചിരുന്നു. പിന്നാലെയാണ് പ്രവാസി സഹോദരങ്ങളുടെ ഓണം കേമമാക്കാൻ ജി.സി.സിയിലെ ലുലു സ്റ്റോറുകൾ സജ്ജമായിരിക്കുന്നത്.




# ഫൺസ്കൂൾ ഇന്ത്യ പോ പട്രോൾ കളിപ്പാട്ടങ്ങളുടെ ലൈസൻസ് സ്വന്തമാക്കി

**ചെന്നൈ:** ഇന്ത്യയിലെ പ്രമുഖ കളിപ്പാട്ട നിർമാതാക്കളായ ഫൺസ്കൂൾ ഇന്ത്യ ലിമിറ്റഡ്, ജനപ്രിയ കുട്ടികളുടെ വിനോദ പരമ്പരയായ 'പോ പട്രോൾ' കളിപ്പാട്ടങ്ങൾ ഇന്ത്യയിൽ നിർമിച്ച് വിതരണം ചെയ്യുന്നതിനുള്ള ലൈസൻസ് സ്വന്തമാക്കി. കനേഡിയൻ കളിപ്പാട്ടവിനോദ കമ്പനിയായ സ്പിൻ മാസ്റ്ററുമായുള്ള പങ്കാളിത്തത്തിലൂടെയാണ് ഫൺസ്കൂൾ പുതിയ ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുന്നത്.

മൂന്നുവയസ്സിന് മുകളിലുള്ള കുട്ടികൾക്കായുള്ള പോ പട്രോൾ കളിപ്പാട്ടങ്ങൾ ചെറുകിട വ്യാപാരശാലകൾ, ഓൺലൈൻ പ്ലാറ്റ്ഫോമുകൾ എന്നിവ വഴി ലഭ്യമാകും. ബേസിക് വാഹന മോഡലുകൾക്ക് 929 രൂപയും, ഡൈനോ മൂവി പ്രമേയത്തിലുള്ള വാഹനങ്ങൾക്ക് 1,499 രൂപയും, തീം വെഹിക്കിൾ ചേസ് വാഹനങ്ങൾക്ക് 1,699 രൂപയുമാണ് വില. ചേസ്, മാർഷൽ, സ്കൈ, റബിൾ, റോക്കി, സുമ തുടങ്ങിയ പോ പട്രോൾ കഥാപാത്രങ്ങളെ അടിസ്ഥാനമാക്കിയുള്ള കളിപ്പാട്ടങ്ങളാണ് പുറത്തിറക്കുന്നത്.



# മഹീന്ദ്രയുടെ പുതിയ ഗ്ലോബൽ പിക്കപ്പ് സ്കോർപിയോ ലൈഫ്സ്റ്റൈലർ അവതരിപ്പിച്ചു

**കൊച്ചി:** മഹീന്ദ്ര & മഹീന്ദ്ര ലിമിറ്റഡിന്റെ പുതിയ ഗ്ലോബൽ പിക്കപ്പ് മഹീന്ദ്ര സ്കോർപിയോ ലൈഫ്സ്റ്റൈലർ അവതരിപ്പിച്ചു. 2023 ഓഗസ്റ്റിൽ ദക്ഷിണാഫ്രിക്കയിലെ കേപ്ടൗണിൽ ഒരു കോൺസെപ്റ്റ് ആയി പ്രദർശിപ്പിച്ച ഈ വാഹനം അന്താരാഷ്ട്ര വിപണികളിൽ മഹീന്ദ്ര ലൈഫ്സ്റ്റൈലർ എന്ന പേരിലാണ് പുറത്തിറക്കുന്നത്.

2027 ഏപ്രിലിൽ വിപണയിൽ എത്തുന്ന വാഹനത്തിന്റെ എക്സ്ഷോറൂം വില 19.79 ലക്ഷം രൂപയിൽ താഴെ ആരംഭിക്കും. വാലി, റീഫ്, ട്രെയിൽ എന്നിങ്ങനെ മൂന്ന് എഡിഷനുകളിലായാണ് വാഹനം എത്തുന്നത്. ഓസ്ട്രേലിയ, ന്യൂസിലൻഡ്, ദക്ഷിണാഫ്രിക്ക, ആഫ്രിക്ക, മിഡിൽ ഈസ്റ്റ്, ലാറ്റിൻ അമേരിക്ക എന്നിവിടങ്ങളിലെ ഉയർന്ന സാധ്യതയുള്ള മിഡ്സൈസ് ലൈഫ്സ്റ്റൈൽ പിക്കപ്പ് സെഗ്മെന്റിനെ ലക്ഷ്യമിട്ട് വിവിധ ഉപഭോക്തൃ ആവശ്യങ്ങളും വിപണി ആവശ്യകതകളും നിറവേറ്റാൻ കഴിയുന്ന ഒരു ആഗോള ഉൽപ്പന്നമായാണ് മഹീന്ദ്ര ലൈഫ്സ്റ്റൈലർ രൂപകൽപ്പന ചെയ്തിരിക്കുന്നത്.